Uncorrected/Not for publication
16-09-2025

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*1)

**സർക്കാർ ആശുപത്രികളിൽ രോഗികൾ ചികിത്സാ ഉപകരണങ്ങൾ വാങ്ങി നൽകേണ്ടതായ സാഹചര്യം പരിഹരിക്കാൻ നടപടി**

1(*1) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് അടക്കമുള്ള സർക്കാർ ആശുപത്രികളിൽ എത്തുന്ന കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിൽ അംഗങ്ങളായവർ ഉൾപ്പെടെയുള്ള രോഗികൾ സ്വന്തം ചെലവിൽ ചികിത്സാ ഉപകരണങ്ങൾ വാങ്ങി നൽകേണ്ടതായ സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത സാഹചര്യമുണ്ടാകാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (എ-സി) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഉൾപ്പെടെയുള്ള വിവിധ സൗജന്യ ആരോഗ്യ ചികിത്സാ പദ്ധതികൾപ്രകാരം അർഹരായ രോഗികൾക്ക് പദ്ധതി മാനദണ്ഡപ്രകാരമുള്ള സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. ഇത്തരത്തിലുള്ള രോഗികൾക്കാവശ്യമായ വിവിധ പരിശോധനകൾ, മരുന്നുകൾ, ഇംപ്ലാന്റുകൾ, ചികിത്സാ ഉപകരണങ്ങൾ എന്നിവ ആശുപത്രി സൂപ്രണ്ടുമാർ നടപടിക്രമം പാലിച്ച് വാങ്ങി ലഭ്യമാക്കണമെന്നതാണ് വ്യവസ്ഥ. ആയതിനാൽ സ്കീമുകളിൽ ഉൾപ്പെടുന്ന രോഗികൾക്ക് സ്വന്തം ചെലവിൽ ഉപകരണങ്ങൾ വാങ്ങേണ്ട സാഹചര്യം ഉണ്ടാകുന്നില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗവുമായി ബന്ധപ്പെട്ട് നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിൽ മൂത്രാശയക്കല്ല് പൊടിക്കുന്ന "flexiscope” എന്ന ഉപകരണം രോഗികളിൽനിന്ന് പണം ഈടാക്കി വാങ്ങുന്നത് കണ്ടെത്തിയതായി പരാമർശിക്കുന്നുണ്ട്. സൗജന്യ

ചികിത്സാ പദ്ധതിയിലുൾപ്പെട്ട രോഗികൾ സ്വന്തംനിലയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നത് സർക്കാർ മാർഗനിർദേശങ്ങൾക്ക് അനുസൃതമല്ല. രോഗികളിൽനിന്ന് പണം ഈടാക്കി Flexiscope വാങ്ങുന്നത് നിരുത്സാഹപ്പെടുത്തണമെന്നും അങ്ങനെ വാങ്ങേണ്ട സാഹചര്യമുണ്ടായാൽ ഡിപ്പാർട്ടുമെന്റ്, മെഡിക്കൽ കോളേജ് അധികൃതരെ നിർബന്ധമായും അറിയിച്ചിരിക്കണമെന്നും സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

സൗജന്യ ചികിത്സാ സ്കീമുകളിൽ ഉൾപ്പെട്ട രോഗികൾക്ക് " Flexiscope" ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സൗജന്യമായി ലഭിക്കുന്നുവെന്ന് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും സ്ഥാപനമോ വകുപ്പോ ഇത്തരത്തിൽ സൗജന്യ ചികിത്സയ്ക്ക് അർഹരായ രോഗികളിൽനിന്ന് പണം ഈടാക്കി ഉപകരണങ്ങൾ വാങ്ങുന്നുണ്ടെങ്കിൽ അത് സർക്കാർ നയത്തിന് വിരുദ്ധമാണ്, ആയത് സർക്കാർ ഗൗരവമായി കാണുന്നതാണ്.

ഈ സർക്കാരിന്റെ കാലയളവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമായി കാസ്പ് മുഖാന്തരം 373.36 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകുകയും 81.82 കോടി രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം മേധാവി ഡോ. ഹാരീസ് നടത്തിയ ഒരു പരാമർശം, ഒരു ഫേയ്സ്ബുക്ക് കുറിപ്പ്, അവിടെ എത്തുന്ന സാധാരണ രോഗികളിൽനിന്ന് പണം വാങ്ങി ശസ്ത്രക്രിയ ഉപകരണങ്ങൾ വാങ്ങേണ്ട അവസ്ഥയാണുള്ളത് എന്നത് ഇവിടെ ചർച്ച ചെയ്ത കാര്യമാണ്. ഈയൊരു കാര്യം മാത്രമല്ല, ചില മെഡിക്കൽ കോളേജുകളിൽ ഹൃദയശാസ്ത്രക്രിയയുമായി ബന്ധപ്പെട്ട ഉപകരണങ്ങളില്ലെന്ന വാർത്തയും വരുന്നു; എന്തിന്, എക്സ്റേ ഫിലിം പോലുമില്ലെന്നുള്ള വാർത്തകളും വന്നുകൊണ്ടിരിക്കുകയാണ്. സാധാരണ രോഗികൾക്ക് ലഭിക്കേണ്ട ഇത്തരം കാര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തുനടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീമതി വീണാ ജോർജ്: സർ, ഉത്തരത്തിൽ ഇക്കാര്യം സംബന്ധിച്ച് ഞാൻ വളരെ വ്യക്തമായി പറഞ്ഞിരുന്നു. അർഹരായ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. ഇപ്പോൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരം ഒരു വർഷം 1498 കോടി രൂപയാണ് സംസ്ഥാന സർക്കാർ മാത്രം ചെലവഴിക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തോടൊപ്പം എൽ.ഡി.എഫ്.-ന്റെ അതായത് ഒന്നാം പിണറായി

വിജയൻ സർക്കാരിന്റെ കാലഘട്ടത്തിലും രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഈ നാലുവർഷക്കാലയളവിലും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എക്യൂപ്മെന്റ്സിനുമാത്രം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ളത് പരിശോധിച്ചാൽ, 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ 15,64,00,000 രൂപയും ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലയളവിൽ 41,84,93,781 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്.

....(ബഹളം).....

<u>മി. സ്പീക്കർ</u>: പ്ലീസ്.. പ്ലീസ് ... ആൻസർ ചെയ്യട്ടെ...പ്ലീസ്.. പ്ലീസ് ...

<u>ശ്രീമതി വീണാ ജോർജ്</u>: സർ, രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ കാലഘട്ടത്തിൽ, നാലുവർഷക്കാലയളവിൽ കിഫ്ബിയുടെ 43 കോടി രൂപയും അതിന്റെ എക്യൂപ്മെന്റ്സ് - Pet Scan-ഉം Spect Scan-ഉം ഉൾപ്പെടെ 80,66,00,000 രൂപയുടെ ഉപകരണങ്ങൾ വാങ്ങിക്കൊടുത്തിട്ടുണ്ട്. ഞാൻ വിദഗ്ധ സമിതിയുടെ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നു[+]. അത് എല്ലാ അംഗങ്ങൾക്കും വായിക്കാവുന്നതാണ്. ടി റിപ്പോർട്ടിൽ സമിതി യൂറോളജി ഡിപ്പാർട്ടുമെന്റിന്റെ മാത്രമായ ഒരു കണക്ക് പറഞ്ഞിട്ടുണ്ട്. എക്യുമെന്റ് പ്രൊക്യൂർമെന്റ് പ്ലാൻ ഫണ്ടിലൂടെ എങ്ങനെ നടത്തുന്നുവെന്നതാണ് അതിൽ

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

പറയുന്നത്. 2011 മുതൽ 2016 വരെയുള്ള Purchasing of such equipments-ന്റെ എമൗണ്ട് പറഞ്ഞിരിക്കുന്നത് 26,90,000 രൂപ എന്നാണ്. അതേസമയം 2018 മുതൽ 2022 വരെയുള്ള നാലുവർഷക്കാലയളവിൽ 1,43,73,000 രൂപയും 2022 മുതൽ 2024 വരെ 1,12,00,000 രൂപയുമാണ് ചെലവഴിച്ചത്. അതിനുശേഷമുള്ളത് ഈ വർഷമുൾപ്പെടെ പ്ലാൻ ഫണ്ടിൽനിന്നും ചെലവഴിക്കുന്നുണ്ട്. കൂടാതെ എച്ച്.ഡി.എസ്.-ൽനിന്നും 31,72,822 രൂപ ചെലവഴിച്ചു. ഞാൻ ഇവിടെ പറഞ്ഞത് മൂത്രാശയക്കല്ല് പൊടിക്കുന്നതിനുള്ള flexiscope എന്ന ഉപകരണത്തെക്കുറിച്ചാണ്. അത് സ്കീമുകളിൽ ഉൾപ്പെട്ട രോഗികൾക്ക് സൗജന്യമായി ലഭ്യമാക്കണമെന്നതാണ് സർക്കാർ നയം. അല്ലാത്ത രോഗികൾക്ക് അത് എച്ച്.ഡി.എസ്. വഴി ലഭ്യമാക്കും. പുറത്തുനിന്നും വാങ്ങുന്നതിനേക്കാൾ കുറച്ചുകൂടി സബ്സിഡൈസ്ഡ് റേറ്റിൽ റേറ്റ് കോൺട്രാക്ട് അനുസരിച്ച് അത് ലഭ്യമാക്കും. ഈ ഉത്തരത്തിന്റെ ആദ്യഭാഗത്ത് അക്കാര്യം പറഞ്ഞിട്ടുണ്ട്. സ്വകാര്യമേഖലയിലേയ്ക്ക് പോകുമ്പോൾ അത് മാർക്കറ്റ് റേറ്റിൽ രോഗികൾ വാങ്ങേണ്ട സാഹചര്യമാണുള്ളത്. അത് ബില്ലിന്റെ കൂടെയാണ് അവർക്ക് ലഭ്യമാകുക. ഇവിടെ സൗജന്യമായി സ്കീമുകളിലൂടെ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നുണ്ട്.

<u>മി. സ്പീക്കർ</u>: യെസ്..യെസ്.. പ്ലീസ്.....

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഹൃദയ ശസ്ത്രക്രിയയുടെ കാര്യം പറയുകയുണ്ടായി. ഇപ്പോൾ പ്രൈവറ്റ്/സർക്കാർ മേഖലയിലുള്ള കാർഡിയോളജിസ്റ്റുകളുടെ ഒരു സംഘടനയുടെ സംസ്ഥാന സമ്മേളനം നടന്നു. സംസ്ഥാനത്തെ കോട്ടയം, തിരുവനന്തപുരം, കോഴിക്കോട് എന്നീ മൂന്ന് മെഡിക്കൽ കോളേജുകളിലാണ് ഏറ്റവും കൂടുതൽ കാർഡിയോളജിക്കൽ ഇന്റർവെൻഷൻ നടക്കുന്നത്. 2021-ൽ, ഈ സർക്കാരിന്റെ ആദ്യവർഷം സൗജന്യ ചികിത്സ തേടിയവരുടെ ക്ലെയിം രണ്ടര ലക്ഷം ആയിരുന്നു. 2024-ൽ മാത്രം, ജനുവരി മുതൽ ഡിസംബർ വരെയുള്ള കണക്കെടുത്താൽ സംസ്ഥാനത്ത് ആറര ലക്ഷം പേർ സൗജന്യ ചികിത്സ തേടിയിട്ടുണ്ട്. ഇതാണ് വ്യത്യാസം. അതോടൊപ്പം സൗജന്യ ചികിത്സ നൽകുന്നതിന്റെ കണക്കും താരതമ്യം ചെയ്താൽ ഈയൊരു വലിയ വ്യത്യാസം കാണാൻ സാധിക്കും. 2015-16-ൽ ഒ.പി. രജിസ്ട്രേഷൻ എട്ട് കോടി ആയിരുന്നെങ്കിൽ ഇപ്പോൾ അത് 13 കോടിയാണ്. ഓരോ വ്യക്തിക്കും മൾട്ടിപ്പിൾ എൻട്രിയാണ് നൽകിയിരിക്കുന്നത്. രോഗികളുടെ എണ്ണമോ ജനസംഖ്യയോ വർധിച്ചിട്ടില്ല. സർക്കാർ ആശുപത്രികളെ

ആശ്രയിക്കുന്നവരുടെ എണ്ണത്തിൽ വർധനവുണ്ടായി എന്നതുതന്നെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി ചെലവഴിച്ച കണക്കുകളുടെ കാര്യങ്ങൾ പറഞ്ഞു. കേരളത്തിലെ ആശുപത്രികളിലെത്തുന്ന രോഗികൾക്ക് കാരുണ്യ പദ്ധതി ഉൾപ്പെടെയുള്ള, ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സ്കീമുകൾ ലഭിക്കുന്ന കാര്യത്തിൽ വളരെ ബുദ്ധിമുട്ടാണ്. ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് ഡോ. ഹാരിസ് പറഞ്ഞത്. അന്ന് മന്ത്രി പറഞ്ഞ മറുപടി 'ഞങ്ങളുടെ തകരാറല്ല, സിസ്റ്റത്തിന്റെ തകരാറാണ്' എന്നാണ്. ഒന്നും രണ്ടും പിണറായി ഗവൺമെന്റുകൾ വന്നതിനെക്കുറിച്ച് മന്ത്രി ഇവിടെ പറഞ്ഞു. ഈ ഗവൺമെന്റ് അവസാന വർഷത്തിലാണ്. ഈ പത്തുവർഷം കഴിയുമ്പോഴും ഈ സിസ്റ്റത്തിന്റെ തകരാറെന്താണെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; അത് പരിഹരിക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, പത്തനംതിട്ട ജില്ലയിലെ കുമ്പഴയിൽവച്ച് മാധ്യമങ്ങൾ എന്നോട് യൂറോളജി വകുപ്പ് മേധാവിയുമായി ബന്ധപ്പെട്ട ചോദ്യം ചോദിച്ചപ്പോൾ ഒരു വിദ്യാർഥിക്ക് ശസ്ത്രക്രിയ

മുടങ്ങിയെന്നത് ആ ഡോക്ടർക്ക് ആ രീതിയിൽ ഫീൽ ചെയ്തത് നല്ലൊരു കാര്യമായി ഞാൻ കാണുന്നുവെന്ന് അന്ന് പറഞ്ഞു. രണ്ടാമത്തെ കാര്യം, സർക്കാർ സംവിധാനത്തിൽ സ്വകാര്യ മേഖലയിലെപോലെ ഒരു ഉപകരണം പ്രൊക്വയർ ചെയ്യാൻ സാധിക്കില്ല. ഈ സഭയിൽത്തന്നെ എത്രയോ കാര്യങ്ങൾ അതിന്റെ ഭാഗമായി ചർച്ച ചെയ്തിരിക്കുന്നു. ഇതിനൊരു പ്രൊസീഡ്യുവറുണ്ട്. അതിന്റെ ഭാഗമായാണ് അത് ചെയ്യേണ്ടത്. എന്താണ് ഞാൻ പറഞ്ഞതെന്നത് വളരെ വ്യക്തമായും കൃത്യമായും അത് മനസ്സിലാക്കേണ്ടവർ മനസ്സിലാക്കിയിട്ടുണ്ട്. കാരണം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഉൾപ്പെടെ സൂപ്രണ്ടുമാർക്ക് ഒരു എച്ച്.ഡി.എസ്.-ന്റെ സെക്രട്ടറിയെന്നുള്ള നിലയിൽ പരമാവധി ചെലവഴിക്കാൻ സാധിക്കുന്ന തുക ഒരു ലക്ഷം രൂപയാണ്. ഇപ്പോൾ ഉപകരണങ്ങളുടെ വില കൂടിയിട്ടുണ്ട്. ആ ഒരു ലക്ഷം രൂപ എന്നുള്ളതിന്റെ ഫിനാൻഷ്യൽ ഗ്യാപ് ഉയർത്തണം. അതിന്റെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ ഈ സംവിധാനത്തിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു കാര്യം ഇൻഷ്വറൻസ് ലഭിക്കുന്നതിന് പ്രയാസമുണ്ടെന്നതാണ്. 2015-16-ൽ യു.ഡി.എഫ്.-ന്റെ ഭരണത്തിന്റെ അവസാനകാലയളവിൽ 114 കോടി രൂപയാണ് സംസ്ഥാനത്ത് ഇൻഷ്വറൻസായി ജനങ്ങൾക്ക്

നൽകിയിരുന്നത്. 2024-25 സാമ്പത്തികവർഷം 1,498.5 കോടി രൂപ ഇൻഷ്വറൻസായി ജനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ സർക്കാരിന്റെ നാല് വർഷം സംസ്ഥാനത്തെ 2517000 ആളുകൾക്ക് 7,708 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഉണ്ടായിരുന്നില്ല. അന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ശസ്ത്രക്രിയ നടത്തിയപ്പോൾ നിർഭാഗ്യവശാൽ ആ രോഗി മരിച്ചുപോയി. പക്ഷെ ഇന്ന് തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള മെഡിക്കൽ കോളേജുകളിൽ വിജയകരമായി പരമാവധി സൗജന്യമായി അല്ലെങ്കിൽ മിതമായ നിരക്കിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നുണ്ട്. ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ലൈസൻസുള്ള രാജ്യത്തെ ആദ്യത്തെ ജില്ലാ ആശുപത്രിയാണ് എറണാകുളം ജില്ലാ ആശുപത്രി. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സ്വകാര്യ മേഖലയിൽ 40 മുതൽ 45 ലക്ഷം രൂപ വരെയാണ് ചെലവ് വരുന്നത്. അതാണ് സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകുന്നത്. കേരളത്തിന്റെ ആരോഗ്യ മേഖലയിലുണ്ടായ മാറ്റമാണിത്. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ സർവ്വേ ഓഫീസ് (എൻ.എസ്.എസ്.ഒ.) റിപ്പോർട്ടിൽ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ കേരളത്തിൽ കുറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അതാണല്ലോ ഏറ്റവും

പ്രധാനപ്പെട്ട കണക്ക്? എൻ.എസ്.എസ്.ഒ.-യുടെ റിപ്പോർട്ടിൽ പറയുന്നത്, 2016-ൽ ഗ്രാമീണ മേഖലയിൽ 17,054 രൂപയും നഗര മേഖലയിൽ 23,123 രൂപയുമായിരുന്ന ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ 2024-ലെ റിപ്പോർട്ട് പ്രകാരം ഗ്രാമീണ മേഖലയിൽ 10,929 രൂപയും നഗര മേഖലയിൽ 13,140 രൂപയുമായി കുറഞ്ഞിട്ടുണ്ടെന്നാണ്. ഇതാണ് ഇടതുപക്ഷ സർക്കാർ കേരളത്തിലെ ആരോഗ്യ മേഖലയിൽ നടത്തിയിരിക്കുന്ന ഇന്റർവെൻഷൻ.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായി നിരവധി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ചികിത്സ നൽകുന്നുവെന്ന് പറയുമ്പോഴും ശ്രീ. എ. പി. അനിൽ കുമാർ എം.എൽ.എ. സൂചിപ്പിച്ചതുപോലെ പല ആശുപത്രികളിലും അത് നിഷേധിക്കപ്പെടുകയാണ്. അതിന്റെ കാരണം അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുള്ള കേരളത്തിലെ വിവിധ ആശുപത്രികളിൽ 1,500-ഓളം കോടി രൂപ സർക്കാർ കുടിശ്ശിക നൽകാനുണ്ടെന്നാണ് അറിയാൻ സാധിച്ചത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, സംസ്ഥാനത്ത് നാല് വർഷമായി

4,708 കോടി രൂപ സൗജന്യ ചികിത്സയ്ക്കായി നൽകിയിട്ടുണ്ട്. കഴിഞ്ഞ ദിവസം അതിൽ ധനകാര്യ വകുപ്പ് 92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന കുടിശ്ശിക ഓരോ വർഷവും നൽകിയാണ് ധനകാര്യ വകുപ്പ് മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട അംഗത്തിന്റെ മാനന്തവാടിയിലെ നൂൽപ്പുഴയിൽ കഴിഞ്ഞ ദിവസം നീതി ആയോഗിന്റെ വൈസ് ചെയർമാൻ വന്നിരുന്നു. അദ്ദേഹം അവിടെ കുറിച്ചുവച്ച ഒരു കുറിപ്പുണ്ട്. അദ്ദേഹം അതിൽ പറഞ്ഞത് മഴ എന്റെ ഇവിടേക്കുള്ള സന്ദർശനത്തെ മുടക്കിയില്ല എന്നുള്ളതിൽ ഞാൻ സന്തോഷിക്കുന്നു. കാരണം ഇത്തരത്തിലുള്ള ഒരു ആരോഗ്യ കേന്ദ്രം സന്ദർശിക്കാൻ എനിക്ക് സാധിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. ഇവിടത്തെ എല്ലാ ക്രമീകരണത്തിലും ഞാൻ സംതൃപ്തനാണ്. ബഹുമാനപ്പെട്ട അംഗത്തോടൊപ്പം ഞാൻ അവിടെ സന്ദർശനം നടത്തിയിട്ടുണ്ട്. ഇത് കേരളത്തിലെ ആരോഗ്യ മേഖലയിൽ വന്നിട്ടുള്ള മാറ്റമാണ്. ജനങ്ങളെ ചേർത്തുപിടിച്ച് നമുക്ക് ഒന്നിച്ച് മുന്നോട്ടുപോകാം. ഒരാളും രോഗത്തിന്റെ മുമ്പിൽ നിസ്സഹായരായി പോകാൻ പാടില്ല.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ആരോഗ്യ വകുപ്പ് ഒരു കപ്പിത്താൻ ഇല്ലാത്ത കുത്തഴിഞ്ഞ അവസ്ഥയിലാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്.

ചികിത്സാ പിഴവുകൾ തുടർകഥയാകുകയാണ്. രോഗിയായി ആശുപത്രിയിൽ പോയാൽ ഡെഡ്ബോഡിയായി തിരിച്ചുവരേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. ചാലക്കുടിയിലെ ഒരു റീജിയണൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ട് ഇപ്പോൾ അഞ്ച് വർഷം കഴിഞ്ഞു. അവിടം ഇപ്പോൾ കാട് പിടിച്ചുകിടക്കുന്ന സ്ഥിതിയാണ്. ജീവനക്കാരില്ലാത്തതുകൊണ്ട് അതിന്റെ പ്രവർത്തനം നടക്കാത്ത അവസ്ഥയാണ്. ചികിത്സാ ചെലവിന്റെ ഭൂരിഭാഗവും കേരളത്തിലെ ജനങ്ങൾ സ്വന്തം പോക്കറ്റിൽനിന്ന് ചെലവാക്കേണ്ടിവരുന്നുവെന്ന് പറഞ്ഞത് മുൻ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ്. സർക്കാർ ആശുപത്രികളിലെ ചികിത്സാ ഉപകരണങ്ങളും മരുന്നും വാങ്ങുന്നതിനുള്ള സംവിധാനങ്ങളുടെ പരിമിതി പരിഹരിക്കപ്പെടേണ്ടതാണെന്നും നടപടിക്രമങ്ങൾ ലളിതമാക്കേണ്ടതുമാണെന്ന വസ്തുത സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ; ചികിത്സാ ഉപകരണങ്ങളും മരുന്നും എത്തിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തെങ്കിലും നിർദേശങ്ങൾ വിദഗ്ധ സമിതി ശിപാർശ ചെയ്തിട്ടുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ആദ്യം പറഞ്ഞത് യു.ഡി.എഫ്. കാലത്തെക്കുറിച്ചാണെന്നുതോന്നുന്നു. കാരണം അദ്ദേഹത്തിന്റെ ജില്ലയായ

തൃശ്ശൂരിൽ ഒരു ജില്ലാ ആശുപത്രിയുണ്ട്. ഒൻപത് വർഷം മുമ്പ് അവിടെ ഒരു കാത്ത് ലാബ് ഉണ്ടായിരുന്നില്ല. 2023-ലാണ് അവിടെ കാത്ത് ലാബ് ഔപചാരികമായി ഉദ്ഘാടനം ചെയ്തത്. 4000 കാർഡിയോളജിക്കൽ ഇന്റർവെൻഷനാണ് അവിടെ നടന്നിട്ടുള്ളത്. ഇപ്പോൾ വളരെ അപൂർവമായി മെഡിക്കൽ കോളേജ് ടെറിഷറി സെന്ററിൽ മാത്രം നടത്തുന്ന കാർഡിയോളജിക്കൽ പ്രൊസീജ്വർ തൃശ്ശൂർ ജില്ലാ ആശുപത്രിയിലെ കാർഡിയാക് ടീം നടത്തി. ബഹുമാനപ്പെട്ട അംഗം അവിടെപോയി അവരെ ഒന്ന് അഭിനന്ദിക്കണം. കാരണം തൃശ്ശൂർ ജില്ലയിലെ സാധാരണക്കാരായ ആളുകൾക്കുവേണ്ടിയാണ് ഇത് നടത്തിയിട്ടുള്ളത്. ......(ബഹളം)........

<u>മി. സ്പീക്കർ</u>: പ്ലീസ് .... പ്ലീസ് .... ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചോളൂ.

<u>ശ്രീമതി വീണാ ജോർജ്</u>: സർ, നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ സാമ്പിൾ സർവെ റിപ്പോർട്ടിനെക്കുറിച്ച് ഇവിടെ നിന്ന് പുറത്തിറങ്ങുമ്പോൾ ഒന്ന് ഗൂഗിളിൽ ചെക്ക് ചെയ്ത് നോക്കണം. ഇത് നമ്മുടെ മുമ്പിലുള്ള ഡേറ്റയാണ്. രണ്ട് കാര്യങ്ങളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഒന്ന്, സൗജന്യ ചികിത്സ പരമാവധി നൽകുന്നു. 2019-ലാണ് State Health Agency സ്ഥാപിച്ചത്. 2020-21 മുതൽ പ്രവർത്തനം ആരംഭിച്ചു. യു.ഡി.എഫ്.-ന്റെ കാലത്ത് ഒരു കുടുംബത്തിന് 30,000 രൂപയായിരുന്നു ഇൻഷ്വറൻസ്. ഇന്ന് അത് ഒരു

വർഷം അഞ്ച് ലക്ഷം രൂപയാണ്. നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് സാമ്പിൾ സർവെ റിപ്പോർട്ടിൽ 2015-16-ൽ ഗ്രാമീണ മേഖലയിൽ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ 17,000 രൂപയും നഗര മേഖലയിൽ 23,000 രൂപയുമായിരുന്നെന്നാണ് പറയുന്നത്. 2024-ൽ നഗര മേഖലയിൽ കാർഡിയോളജിക്കൽ പ്രൊസീജ്യവയർ ഉൾപ്പെടെ 13,000 രൂപയായി കുറഞ്ഞു. അതായത് 10,000 രൂപ കുറഞ്ഞു. ഞാൻ കാത്ത് ലാബിന്റെ കാര്യം പറഞ്ഞത് സ്വകാര്യ മേഖലയിൽ ആറ് ലക്ഷം രൂപയായിരുന്ന ശസ്ത്രക്രിയ തൃശ്ശൂർ കാത്ത് ലാബിൽ കാസ്പിലുള്ളവർക്ക് സൗജന്യമായി നൽകുന്നുവെന്നാണ്. കാർഡില്ലെങ്കിൽ ഒന്നര ലക്ഷം രൂപയാണ് ചെലവ്. രണ്ട് സ്റ്റെന്റാണെങ്കിൽ 1,20,000 രൂപ നിരക്കിൽ ചെയ്യുന്നു. ഇതാണ് മാറ്റം. തീർച്ചയായും അതിന് മുൻഗണന നൽകിത്തന്നെയാണ് സംസ്ഥാന സർക്കാർ പോകുന്നത്.

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. എം. വിൻസെന്റ്</u>: സർ, യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആറ് മെഡിക്കൽ കോളേജുകൾ ആരംഭിച്ച സ്ഥാനത്താണ് ഒരു കാത്ത് ലാബ് ആരംഭിച്ച കാര്യത്തെക്കുറിച്ച് അഭിമാനത്തോടുകൂടി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറയുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വാർഡ്

നമ്പർ 16, 17, 18, 19 എന്നീ നാല് വാർഡുകളിൽ 600-ഓളം രോഗികളെ കിടത്തി ചികിത്സിപ്പിക്കാവുന്ന കെട്ടിടം പൊളിച്ചുമാറ്റിയിട്ട് നാല് വർഷം കഴിഞ്ഞിരിക്കുന്നു. ഇന്ന് മെഡിക്കൽ കോളേജിൽ പോയാൽ ഒരു കിടക്കയിൽ രണ്ട് രോഗികൾ വീതമാണ് കിടക്കുന്നത്. ഈ ദയനീയാവസ്ഥയ്ക്ക് കാരണം പൊളിച്ചുമാറ്റിയ കെട്ടിടം യഥാസമയം നിർമ്മിക്കാത്തതാണ്. ഇപ്പോൾ ആ സ്ഥലം പാർക്കിങ്ങിനായി ഉപയോഗിച്ചിരിക്കുകയാണ്. ഇന്ന് അവിടെ പോകുമ്പോൾ അണ്ടർ കൺസ്ട്രക്ഷൻ എന്ന ഒരു ബോർഡ് വച്ചിട്ടുള്ളതായി കണ്ടു. അവിടെ ഒരു നിർമ്മാണ പ്രവർത്തനവും നടക്കുന്നില്ല. നാല് വർഷമായി പൊളിച്ചുകളഞ്ഞ വാർഡുകൾ നിർമ്മിക്കാൻ ഇത്രയും കാലതാമസമെടുക്കുന്നതെന്തുകൊണ്ടാണ്?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ഒരു കാത്ത് ലാബ് അല്ല. ഒൻപത് വർഷം മുമ്പ് ഒരു ജില്ലാ ആശുപത്രിയിലും കാത്ത് ലാബ് ഉണ്ടായിരുന്നില്ല. ഇപ്പോൾ സംസ്ഥാനത്തെ ഇടുക്കി ഒഴിച്ചുള്ള എല്ലാ ജില്ലകളിലും കാത്ത് ലാബുണ്ട്. ഇടുക്കി പാക്കേജിൽ മെഡിക്കൽ കോളേജിലും പ്ലാൻ ഫണ്ടിലും കാത്ത് ലാബിന് അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ 13 ജില്ലകളിലും കാത്ത് ലാബുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസാനം ഉദ്ഘാടനം ചെയ്തത്

വയനാട് ജില്ലയിലെ കാത്ത് ലാബാണ്. അതായത് വയനാടും കാസർഗോഡും ഉൾപ്പെടെ കാത്ത് ലാബുകൾ ഇന്ന് സാധ്യമായിരിക്കുകയാണ്. ഇത്തരത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ സാധ്യമായിട്ടുണ്ട്. മെഡിക്കൽ കോളേജുകളുടെ കാര്യം പറഞ്ഞാൽ യു.ഡി.എഫ്.-ന്റെ കാലത്ത് ജില്ലാ ആശുപത്രികളുടെ ബോർഡ് മാറ്റിവച്ചതേയുള്ളൂ. പക്ഷേ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ നാല് മെഡിക്കൽ കോളേജുകളിൽ പഠനം ആരംഭിക്കാൻ സാധിച്ചു. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും മെഡിക്കൽ കോളേജുകളും നഴ്സിങ് കോളേജുകളുമുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 21 നഴ്സിങ് കോളേജുകളാണ് സർക്കാർ മേഖലയിലും സർക്കാർ അനുബന്ധ മേഖലയിലുമായി ആരംഭിച്ചിട്ടുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ കാര്യം ചോദിച്ചത് നന്നായി. കിഫ്ബിയിലൂടെ 724 കോടി രൂപ അനുവദിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിന് പുതിയ ബ്ലോക്കുകൾ നിർമ്മിക്കുകയാണ്. അവിടെയുള്ള പുതിയ മേൽപ്പാലം, എം.എൽ.റ്റി. ബ്ലോക്ക് ഉൾപ്പെടെ മറ്റ് അനുബന്ധ സൗകര്യങ്ങളെല്ലാം ഇതിന്റെ ഭാഗമായി ഒരുക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ സ്ഥലത്ത് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കാണ്

സ്ഥാപിക്കുന്നത്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ഇവിടെ ആവശ്യമായിരുന്നു. അവർ അനുവദിക്കുന്ന ഉയരത്തിനനുസരിച്ച് മാത്രമേ അവിടെ നിർമ്മാണം നടത്താൻ സാധിക്കുകയുള്ളൂ. സാധാരണ നിലയിലുള്ള ടെക്നിക്കലായുള്ള നടപടിക്രമങ്ങൾക്ക് പുറമേ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കൂടി അനുവാദം വാങ്ങി അവർ നിശ്ചയിക്കുന്ന ഉയരത്തിലാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതെന്നുള്ളതിനാൽ അവരുമായി പലതരത്തിലുള്ള ആശയവിനിമയം നടത്തി അതിന്റെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കും. ഗ്രൗണ്ട് ലെവലിങ് പൂർത്തിയായിക്കഴിഞ്ഞു.

<u>ശ്രീ. വി. ജോയി</u>: സർ, കേരളത്തിലെ ആരോഗ്യ രംഗം മോശമാണെന്നും മെഡിക്കൽ കോളേജുകളിൽ ആകെ കുഴപ്പമാണെന്നും വരുത്തിതീർക്കാൻ സ്വകാര്യ മേഖലയിലെ ചില ആശുപത്രികളുടെ അച്ചാരം വാങ്ങി ചില ആളുകൾ ഇറങ്ങിത്തിരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മറുപടിയിൽ 25 ലക്ഷത്തിലധികം ജനങ്ങൾക്ക് സൗജന്യ ചികിത്സ നൽകിയ കാലഘട്ടമാണിതെന്ന് പറയുകയുണ്ടായി. സൗജന്യ മരുന്നുകൾക്കായി എത്ര കോടി രൂപ നൽകിയെന്ന് പറയാമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, 2517000 രോഗികൾക്കാണ് സൗജന്യ ചികിത്സ നൽകിയിട്ടുള്ളത്. അതുകൂടാതെ ബഹുമാനപ്പെട്ട അംഗം

പറഞ്ഞതുപോലെ ഈ നാല് വർഷം മാത്രം നോക്കുകയാണെങ്കിൽ 7,708 കോടി രൂപ സൗജന്യ ചികിത്സയ്ക്കുവേണ്ടി നൽകിയിട്ടുണ്ട്. ഒരു വർഷം സൗജന്യ മരുന്നുകൾക്കുവേണ്ടി ഏതാണ്ട് 650 മുതൽ 700 കോടി രൂപവരെ കെ.എം.സി.എൽ.-ന് നൽകുന്നുണ്ട്. എങ്ങനെയാണ് ഈ മാറ്റം വരുന്നതെന്ന് ഒരു ഉദാഹരണസഹിതം പറയാം. ഡയാലിസിസ് സർക്കാർ സംവിധാനത്തിന് പുറത്ത് ചെയ്യുകയാണെങ്കിൽ 1,500 രൂപ മുതൽ 2,000 രൂപ വരെ ചെലവാകും. ഒൻപത് വർഷം മുമ്പ് 12 ഡയാലിസിസ് സെന്ററുകൾ മാത്രമാണ് ജില്ലാ ആശുപത്രികളിലുണ്ടായിരുന്നത്. ഇന്ന് നമ്മൾ സംസാരിക്കുമ്പോൾ താലൂക്ക് ആശുപത്രിതലം മുതലാണ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിച്ചുവരുന്നത്. 112 ആശുപത്രികളിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. സർക്കാർ സംവിധാനത്തിനുപുറത്ത് 1,500 രൂപ മുതൽ 2,000 രൂപ വരെ ചെലവുള്ള ഡയാലിസിസിന് 1,500 രൂപ കണക്കാക്കിയാൽ മൂന്ന് ഡയാലിസിസ് ഒരു ആഴ്ച 4,500 രൂപ ചെലവാകും. അങ്ങനെയാകുമ്പോൾ ഒരു മാസം ഒരു വ്യക്തിക്ക് എത്ര രൂപ ചെലവാകും. അവിടെയാണ് സൗജന്യമായി സർക്കാർ ആശുപത്രികളിലൂടെ ഡയാലിസിസ് ഒരുക്കുന്നതെന്ന് നമ്മൾ കാണേണ്ടതാണ്. ഇതാണ് കേരളത്തിൽ രോഗികൾക്ക് അനുഭവവേദ്യമാക്കുന്ന ചികിത്സയിലുള്ള മാറ്റം.

ശ്രീ. എം. വിജിൻ: സർ, സംസ്ഥാനത്തെ ശിശുമരണ നിരക്ക് പരിശോധിക്കുമ്പോൾ അമേരിക്കയിലെ ശിശുമരണ നിരക്കിനേക്കാൾ പുറകിലാണെന്ന് മനസ്സിലാക്കാം. നമ്മുടെ സംസ്ഥാനം ആരോഗ്യരംഗത്ത് അഭിമാനകരമായ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. ആരോഗ്യമേഖലയിൽ എന്തെല്ലാം നൂതന ചികിത്സാ സംവിധാനങ്ങളാണ് ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ളത്?

ശ്രീമതി വീണാ ജോർജ്: സർ, ശിശുമരണ നിരക്കിൽ അമേരിക്കൻ ഐക്യനാടുകളേക്കാൾ പിന്നിലായിരിക്കുന്നുവെന്ന വളരെ അഭിമാനകരമായൊരു നേട്ടമാണ് കേരളം കൈവരിച്ചിരിക്കുന്നത്. അമേരിക്കൻ ഐക്യനാടുകളിലെ ശിശുമരണ നിരക്ക് 5.6-ഉം കേരളത്തിൽ 5-ഉം ആണ്. ചരിത്രത്തിലെ അഭിമാനകരമായ നേട്ടമായിട്ടാണ് ഇതിനെ കാണുന്നത്. ഇക്കാര്യത്തിൽ എല്ലാവരോടും ഹൃദയപൂർവമായ നന്ദി അറിയിക്കുന്നു. ശിശുമരണ നിരക്ക് കുറക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിലും നിലവിലെ സർക്കാരിന്റെ കാലത്തും ഒട്ടേറെ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഞങ്ങൾ, കുഞ്ഞുങ്ങളെ ഇല്ലാതാക്കുകയല്ല, കുഞ്ഞുങ്ങളെ ചേർത്ത് പിടിച്ച് സംരക്ഷിക്കുകയാണ് ചെയ്യുന്നത്. ഗർഭസ്ഥാവസ്ഥ മുതൽ അതായത് ഒരു കുഞ്ഞ് അമ്മയുടെ ഉദരത്തിൽ

ഉരുവാകുന്നതുമുതൽ ആദ്യത്തെ ആയിരം ദിവസത്തെ (അമ്മയുടെ ഉദരത്തിലുള്ളതുമുതൽ കുഞ്ഞിന് രണ്ട് വയസ്സാകുന്നതുവരെ) പരിപാലനത്തിനായി സംസ്ഥാന സർക്കാർ പ്രത്യേകം പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിനുശേഷം മൂന്ന് വയസ്സ് മുതൽ കുഞ്ഞ് അങ്കണവാടിലേക്ക് എത്തപ്പെടുന്നു. അവിടെനിന്നും ആവശ്യമായ പോഷകാഹാരം നൽകുന്നുണ്ട്. ജന്മനാ ഹൃദയ വൈകല്യമുള്ള കുട്ടികളുടെ ചികിത്സയ്ക്കായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'ഹൃദ്യം'. അതുപോലെ അപൂർവ രോഗ പരിചരണത്തിനായുള്ള പദ്ധതിയാണ് 'കെയർ'. അടുത്തിടെ എസ്.എ.റ്റി. ആശുപത്രിയിൽ Fetal Medicine Department ആരംഭിച്ചു. ആയതിന്റെ പ്രാധാന്യം എന്താണെന്നാൽ ഗർഭസ്ഥാവസ്ഥയിലുള്ള ഒരു കുഞ്ഞിന് ഏതെങ്കിലും തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളുണ്ടെങ്കിൽ അത് ഗർഭാവസ്ഥയിൽത്തന്നെ കണ്ടെത്തുന്നതിനും കുഞ്ഞിന്റെ ജനനം മുതൽ കുഞ്ഞിനാവശ്യമായ ചികിത്സ നൽകാനും സാധിക്കുന്നു. ഇതേരീതിയിൽ കുഞ്ഞുങ്ങൾക്ക് ചികിത്സ നൽകാൻ ആരംഭിച്ചെന്നുള്ള സന്തോഷം കൂടി നിയമസഭയെ അറിയിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ സുപ്രധാനമായൊരു ചോദ്യമാണ് സഭയുടെ മുമ്പാകെ വന്നിട്ടുള്ളത്.

മെഡിക്കൽ കോളേജുകൾ അടക്കമുള്ള സർക്കാർ ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക്, അതായത് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെട്ടവർക്കും പാവങ്ങളിൽ പാവങ്ങളായ മറ്റ് ആളുകൾക്കും സ്വന്തം ചെലവിൽ ചികിത്സാ ഉപകരണങ്ങൾ വാങ്ങിച്ചുകൊടുക്കേണ്ട ഗതികേടിനെകുറിച്ചായിരുന്നു ചോദ്യം. മെഡിക്കൽ കോളേജുകളിലെ ഓരോ ഡിപ്പാർട്ട്മെന്റിന്റെ എച്ച്.ഒ.ഡി.-മാരും മെഡിക്കൽ സർവീസിലെ ഡോക്ടർമാരും പരാതി പറഞ്ഞിട്ടുള്ള ഗുരുതരമായ വിഷയമാണിത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ, പഞ്ഞി ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിച്ചുകൊണ്ട് സർജറിക്കുപോകേണ്ട സ്ഥിതി രോഗികൾക്കുണ്ടായിട്ടുണ്ട്. ഇത്തരം ചോദ്യങ്ങൾക്ക്, പത്തുവർഷം മുമ്പ് യു.ഡി.എഫ്. സർക്കാർ ഭരിച്ചിരുന്ന കാലത്തെ കണക്കുകളാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മറുപടിയായി പരാമർശിക്കുന്നത്. ഇരുപത്തഞ്ച് വർഷം മുമ്പുള്ളതോ, അതുമല്ലെങ്കിൽ ഇ.എം.എസ്. സർക്കാർ ഭരിച്ചിരുന്ന കാലത്തെ കണക്ക് സൂചിപ്പിക്കാമായിരുന്നു. കാരണം അന്നത്തെ കാലഘട്ടത്തിൽ എക്സ്റേ യൂണിറ്റുപോലും ഉണ്ടായിരുന്നില്ല. ഉത്തരം പറയുമ്പോൾ ഇങ്ങനെയാണോ താരതമ്യം ചെയ്യുന്നത്; പത്തുവർഷം മുമ്പുള്ള കണക്കുകൾ സംബന്ധിച്ചായിരുന്നോ ഇവിടത്തെ ചോദ്യം? ആശുപത്രികളിലെത്തുന്ന

പാവപ്പെട്ട ആളുകൾ സ്വന്തം ചെലവിൽ നൂലും സൂചിയും സർജിക്കൽ ഉപകരണങ്ങളും വാങ്ങി നൽകേണ്ട ഗതികേടിനെക്കുറിച്ചായിരുന്നു ചോദ്യം. സർക്കാർ ആശുപത്രിയിലെ സ്ഥിതിയാണിത്. മറ്റൊന്ന്, ജില്ലാ ആശുപത്രിയുടെ പേര് മാറ്റിവച്ചാൽ അത് മെഡിക്കൽ കോളേജ് ആകുമോ; ഒരു ആരോഗ്യ വകുപ്പുമന്ത്രി ഒരിക്കലും ഇതുപോലെ അബദ്ധം പറയരുത്.

മി.സ്പീക്കർ: പ്ലീസ്... സമയം ശ്രദ്ധിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, മെഡിക്കൽ കൗൺസിലാണ് മെഡിക്കൽ കോളേജിന് അംഗീകാരം കൊടുക്കുന്നത്. ഒരു ജില്ലാ ആശുപത്രിയുടെ ബോർഡ് മാറ്റി മെഡിക്കൽ കോളേജ് എന്നാക്കിയാൽ, ഇന്ത്യൻ മെഡിക്കൽ കൗൺസിൽ മെഡിക്കൽ കോളേജിന് അംഗീകാരം നൽകുമെന്ന് സൂചിപ്പിച്ചത് വലിയ മണ്ടത്തരമാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ചോദ്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട സ്പീക്കറോട് ഒരു കാര്യത്തിൽ ഞാൻ പരാതി ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട വി. ജോയി എം.എൽ.എ., അദ്ദേഹത്തിന്റെ ചോദ്യത്തിൽ ഗുരുതരമായ ഒരു ആരോപണം ഉദ്ധരിച്ചു. ഇത്തരം ദുരുദ്ദേശപരമായ കാര്യങ്ങൾ ചോദ്യത്തിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് റൂൾസിൽ പരാമർശിക്കുന്നുണ്ട്. പക്ഷെ ടി അവസരത്തിൽ അങ്ങ്

ഇടപെട്ടിട്ടില്ല. കേരളത്തിലെ മെഡിക്കൽ കോളേജുകളെയും സർക്കാർ സ്ഥാപനങ്ങളെയും ഇതുപോലൊരു അവസ്ഥയിലാക്കി, ഇവിടത്തെ രോഗികളെ സ്വകാര്യ മേഖലയിലെ ആശുപത്രികൾ ചൂഷണം ചെയ്യുന്നതിനുള്ള സൗകര്യമാണോ ഈ സർക്കാർ ചെയ്തുകൊടുക്കുന്നത്?

ശ്രീമതി വീണാ ജോർജ്: സർ,

മി.സ്പീക്കർ: മിനിസ്റ്റർ പ്ലീസ്.. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദ്യം ചോദിക്കാനെടുത്ത സമയം രണ്ട് മിനിട്ടും ഇരുപത്തിരണ്ട് സെക്കന്റുമാണ്. സമയക്ലിപ്തതയുടെ കാര്യത്തിൽ ചെയറുമായി സഹകരിക്കണം. പ്ലീസ്.... (ബഹളം)..

ദയവായി അംഗങ്ങൾ സീറ്റിലിരിക്കണം. ഒരിക്കലും ചോദ്യങ്ങൾക്ക് ഒബ്ജക്ടീവ് രീതിയിലുള്ള ഉത്തരങ്ങളായിരിക്കില്ല നൽകുന്നത്. അത് സബ്ജക്ടീവായിരിക്കും. അങ്ങേയ്ക്ക് അക്കാര്യം അറിയാത്തതല്ല. ദയവായി അംഗങ്ങൾ സീറ്റിലിരിക്കണം. ഞാൻ പറയുന്ന കാര്യങ്ങൾ കംപ്ലീറ്റ് ചെയ്യട്ടെ... പ്ലീസ്.. ചോദ്യോത്തരവേള സുഗമമായി നടത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഒരു ചോദ്യത്തിനുകൂടി ഞാൻ ഉത്തരം പറയേണ്ടതുണ്ട്. ശ്രീ. വി. ജോയി എം.എൽ.എ. ഇവിടെയൊരു കോമൺ സ്റ്റേറ്റ്മെന്റാണ് പറഞ്ഞത്. ആർക്കെതിരെയും സംസാരിച്ചിട്ടില്ല.

പ്രതിപക്ഷത്തെയും പറഞ്ഞിട്ടില്ല. 'ഇപ്രകാരം പ്രവർത്തിക്കുന്ന ഒരു ശീലമുണ്ടെന്ന് മാത്രമാണ് അദ്ദേഹം പറഞ്ഞത്. അത് പ്രതിപക്ഷത്തെക്കുറിച്ചാണെന്ന് എങ്ങനെ പറയാൻ കഴിയും? അതുകൊണ്ട് അത്തരത്തിലുള്ള സംസാരങ്ങൾ ഒഴിവാക്കണം.

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്തിനാണ് ഇത്രയും പ്രകോപിതനാകുന്നത്? ഞാനിവിടെ കണക്കുകളാണ് സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ചോദിച്ച ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരങ്ങൾ പറഞ്ഞിട്ടുണ്ട്. പിന്നീടുള്ള ഓരോ ചോദ്യങ്ങൾക്കും I have placed data before this assembly. You can challenge. അക്കാര്യം ചലഞ്ച് ചെയ്യുകയാണ്. ഇടതുപക്ഷ സർക്കാരും യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്നപ്പോൾ ചെയ്ത കാര്യങ്ങളും ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഞാൻ ക്ഷണിക്കുകയാണ്. Out-of-pocket expenditure (OOPE) കുറഞ്ഞത് എങ്ങനെയാണെന്നത് സംബന്ധിച്ച കാര്യങ്ങളെല്ലാം വിശദമായി ചർച്ച ചെയ്യാമെന്ന് ഞാൻ വളരെ വിനയപൂർവം സൂചിപ്പിക്കുകയാണ്. ജില്ലാ ആശുപത്രിയുടെ ബോർഡ് മാറ്റിവച്ചത് സംബന്ധിച്ച് പരാമർശിച്ചതുകൊണ്ട് ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. വയനാട്, കാസർഗോഡ് മെഡിക്കൽ

കോളേജ് യാഥാർഥ്യമാക്കുന്നതിനുവേണ്ടി, ഇപ്പോഴത്തെ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. ജഗത് പ്രകാശ് നദ്ദയുമായും മുൻ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. മൻസുഖ് മാണ്ഡവ്യയുമായും ഞാൻ പലതവണ നേരിട്ട് കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജ് അനുവദിക്കുന്നതിനുവേണ്ടി പ്രത്യേക പരിഗണന നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷെ ശ്രീ. മൻസുഖ് മാണ്ഡവ്യ എന്നോട് പറഞ്ഞത്, Your MP has never mentioned about it.. then so let me see എന്നാണ്. അദ്ദേഹം പരാമർശിച്ച ബഹുമാനപ്പെട്ട MP-യുടെ പേര് ഞാനിവിടെ സൂചിപ്പിക്കുന്നില്ല. ജില്ലാ ആശുപത്രികൾ മെഡിക്കൽ കോളേജുകളാക്കുന്ന ഒരു കേന്ദ്രസർക്കാർ പദ്ധതിയുണ്ട്. ടി പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ല. KIIFB-യിലൂടെയും അല്ലാതെയുമുള്ള സംസ്ഥാന സർക്കാരിന്റെ ഫണ്ടാണ് മെഡിക്കൽ കോളേജുകളുടെ നിർമ്മാണത്തിനുപയോഗിച്ച ഓരോ ഇഷ്ടികയിലുമുള്ളത്. അല്ലാതെ മറ്റൊരു പണവും ഉപയോഗിച്ചല്ല ടി മെഡിക്കൽ കോളേജുകൾ യാഥാർഥ്യമാക്കിയിട്ടുള്ളത്. ഞാനിവിടെ സൂചിപ്പിച്ച കാര്യങ്ങളെല്ലാം വളരെ ഉത്തരവാദിത്വത്തോടുകൂടിത്തന്നെയാണ് പറഞ്ഞിട്ടുള്ളത്. ഇത് തെറ്റാണെങ്കിൽ നമുക്കൊരു സംവാദം സംഘടിപ്പിക്കാം. ബഹുമാനപ്പെട്ട

പ്രതിപക്ഷ നേതാവിനെ സംവാദത്തിനായി ഞാൻ വളരെ വിനയപൂർവം ക്ഷണിക്കുകയാണ്.

**കെ-ഫോൺ പദ്ധതി**

2 (*2) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. എസ്. അരുൺ കുമാർ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വിഭാഗം ജനങ്ങൾക്കും ഇന്റർനെറ്റ് ഉപയോഗം ഉറപ്പ് വരുത്തുന്നതിനായി വിഭാവനം ചെയ്ത കെ-ഫോൺ പദ്ധതി പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് പര്യാപ്തമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അതിവേഗ ഇന്റർനെറ്റ് സേവനം മിതമായ നിരക്കിൽ ലഭ്യമാക്കുക വഴി കെ-ഫോൺ പദ്ധതിക്ക് ജനങ്ങളുടെ അംഗീകാരം ഇതിനകം നേടാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കെ-ഫോൺ പദ്ധതി വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം തരത്തിലുള്ള കേബിൾ ശൃംഖലയാണ് സ്ഥാപിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിലാണ് നിലവിൽ കെ-ഫോൺ നെറ്റ്‌വർക്ക് ഉപയോഗിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാർ ഓഫീസുകൾ സമ്പൂർണ്ണമായി കെ-ഫോൺ നെറ്റ്‌വർക്കിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വാണിജ്യ കണക്ഷൻ നൽകുന്നതിനായി പ്രദേശിക ഓപ്പറേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(എഫ്) ഗാർഹിക കണക്ഷൻ വേഗത്തിൽ ലഭ്യമാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിവരുന്നതെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, (എ&ബി) കെ-ഫോൺ സേവനം ആരംഭിച്ച് കുറഞ്ഞ കാലയളവിൽ ഒരു ലക്ഷം കണക്ഷനും രാജ്യത്തെവിടെയും ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള ലൈസൻസും എന്ന അഭിമാന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും ഇന്റർനെറ്റ് സേവനം ഉറപ്പുവരുത്തുന്നതിനായി കൂടുതൽ കണക്ഷനുകൾ നൽകിക്കൊണ്ട് കെ-ഫോൺ പദ്ധതി മുന്നോട്ടുപോകുകയാണ്. അടുത്ത വർഷത്തോടെ 2.5 ലക്ഷം കണക്ഷൻ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നഗരങ്ങളിലും ഗ്രാമങ്ങളിലും

ഒരുപോലെ സേവനം നൽകാൻ കെ-ഫോണിന് കഴിയുന്നുണ്ട്. സമഗ്രമായ ഒരു ഇന്റർനെറ്റ് ശൃംഖല രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കാൻ കെ-ഫോണിന് സാധിച്ചിട്ടുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ ഗുണഫലങ്ങൾ സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുന്ന നടപടിയുടെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷനുകൾ നൽകിവരുന്നുണ്ട്. നിലവിൽ 14,194 കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ നൽകിയിട്ടുണ്ട്. കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.) ഫണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ട് ആദിവാസി മേഖലയിലെ കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ നൽകിവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ 103 കുടുംബങ്ങൾക്കും പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 396 കുടുംബങ്ങൾക്കും ഇപ്രകാരം ഇന്റർനെറ്റ് കണക്ഷൻ നല്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനോടകം 23,355 സർക്കാർ ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. വാണിജ്യ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന 79,123 എഫ്.ടി.ടി.എച്ച്. (ഫൈബർ ടു ദ ഹോം) കണക്ഷനുകൾ നിലവിൽ നൽകിയിട്ടുണ്ട്. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും സ്മോൾ & മീഡിയം എന്റർപ്രൈസസുകൾക്കുമായി 220

ഇന്റർനെറ്റ് ലീസ് ലൈൻ കണക്ഷനുകളും 265 ബ്രോഡ്ബാൻഡ് കണക്ഷനുകളും നല്കാൻ സാധിച്ചിട്ടുണ്ട്. ആകെ 1,19,910 കണക്ഷനുകളാണ് കെ-ഫോൺ ഇതുവരെ നൽകിയിരിക്കുന്നത്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഇൻഫ്രാസ്ട്രക്ചറുമായി ബന്ധിപ്പിച്ച് ADSS (All-Dielectric Self-Supporting cable) & ഒ.പി.ജി.ഡബ്ല്യൂ. (Optical Ground Wire) കേബിളുകൾ വഴിയാണ് കെ-ഫോൺ ശൃംഖല സ്ഥാപിച്ചിട്ടുള്ളത്. സംസ്ഥാന വ്യാപകമായി കോർ നെറ്റ്‌വർക്ക് ശൃംഖലയും ജില്ലാടിസ്ഥാനത്തിൽ അഗ്രിഗേഷൻ, പ്രീ-അഗ്രിഗേഷൻ, സ്പർ എന്നീ ശൃംഖലകളാണ് ഉപയോഗിച്ചുവരുന്നത്. 30,272 കിലോമീറ്റർ ഫൈബർ ഒപ്റ്റിക് കേബിൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചി ഇൻഫോപാർക്കിൽ സജ്ജമാക്കിയ നെറ്റ് വർക്ക് ഓപ്പറേറ്റിങ് സെന്ററാണ് കെ-ഫോണിന്റെ പ്രധാന കേന്ദ്രം. ഇവിടെനിന്നും 375 കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുകളിലുള്ള പോയിന്റ് ഓഫ് പ്രസൻസ് (POP) കേന്ദ്രങ്ങൾ വഴിയാണ് കേരളത്തിലുടനീളം വിവിധ സ്ഥാപനങ്ങളിലും വീടുകളിലും ഇന്റർനെറ്റ് ലഭ്യമാക്കുന്നത്. നെറ്റ് വർക്ക് ഓപ്പറേറ്റിങ് സെന്ററിൽ നിന്ന് 14 കോർ പോപ്പ് കേന്ദ്രങ്ങളിലേക്കും അവിടെ നിന്ന് 94 റിങ് അഗ്രിഗേഷൻ ശൃംഖലവഴി 186 പ്രീ-അഗ്രിഗേഷൻ റിങ്

ശൃംഖലയിലേക്കും അവിടെ നിന്ന് 81 സ്പർ കേബിൾ കണക്ഷൻ കേന്ദ്രങ്ങളിലേക്കും വിന്യസിച്ചിരിക്കുന്ന വിപുലമായ ശൃംഖല വഴിയാണ് ഇന്റർനെറ്റ് സേവനങ്ങൾ നൽകുന്നത്.

(ഡി) സെക്രട്ടേറിയറ്റ്, നിയമസഭാ മന്ദിരം, കളക്ടറേറ്റുകൾ ഉൾപ്പെടെ സംസ്ഥാനത്തെ 23,355 സർക്കാർ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. മറ്റ് പ്രധാന സർക്കാർ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ഇ) കെ-ഫോൺ കണക്ഷൻ ലഭ്യമായ സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങളിൽ, തടസ്സമോ വേഗതക്കുറവോ നേരിടാത്ത പക്ഷം, കെ-ഫോൺ കണക്ഷൻ പ്രാഥമിക കണക്ഷനായി ഉപയോഗിക്കാനും മറ്റ് ഇന്റർനെറ്റ് കണക്ഷനുകൾ വിച്ഛേദിക്കാനും സർക്കാർ ഓഫീസുകൾ/സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. വാണിജ്യ കണക്ഷൻ നൽകുന്നതിനായി പ്രാദേശിക ഓപ്പറേറ്റർമാരുടെ സേവനം കെ-ഫോൺ ലിമിറ്റഡ് പ്രയോജനപ്പെടുത്തുന്നുണ്ട്. തിരഞ്ഞെടുത്ത ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖാന്തരമാണ് പൊതുജനങ്ങൾക്കുള്ള കണക്ഷൻ നൽകുന്നത്. കെ-ഫോണിന്റെ ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി

+ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

നൽകുന്നതിനായി 3800 ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർമാരെ (LNP) പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്.

(എഫ്) പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി 'എന്റെKFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും 'www.kfon.in' വെബ് സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണക്ഷൻ ലഭ്യമാക്കുന്നതിനായി പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ്സൈറ്റ് മുഖാന്തരം അപേക്ഷ നൽകാവുന്നതാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ ലഭ്യമാക്കാനും ഓൺലൈനായി അപേക്ഷിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മഞ്ഞ അല്ലെങ്കിൽ പിങ്ക് നിറത്തിലുള്ള റേഷൻ കാർഡുള്ളവർക്ക് സൗജന്യ കണക്ഷന് അപേക്ഷിക്കാവുന്നതാണ്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച സംസ്ഥാനമാണല്ലോ കേരളം. വൻകിട കോർപ്പറേറ്റുകൾക്ക് ഈ മേഖല കൊള്ളയടിക്കാൻ വിട്ടുനൽകില്ലെന്ന പ്രഖ്യാപനമായി കെ-ഫോൺ പദ്ധതിയെ നമുക്ക് കാണാവുന്നതാണ്. കേരളത്തിന്റെ അഭിമാന പദ്ധതിയായിട്ടുള്ള കെ-ഫോൺ വഴി ആദിവാസി ഊരുകളിലും ദ്വീപുകളിലും

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും കണക്ഷൻ നൽകിയിട്ടുണ്ടോ; പദ്ധതി വഴി സർക്കാർ ഓഫീസുകളിൽ അല്ലാതെ പ്രൈവറ്റ് സ്ഥാപനങ്ങളിൽ കണക്ഷൻ നൽകിയിട്ടുണ്ടോ; നൽകിയിട്ടുണ്ടെങ്കിൽ എത്ര കണക്ഷനാണ് നൽകിയിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. പിണറായി വിജയൻ: സർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 14194 കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. ഇതുകൂടാതെ, ദ്വീപുകളിലെ 22 കുടുംബങ്ങൾക്കും ആദിവാസി ഊരുകളിലെ 499 വീടുകളിലും കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. പ്രൈവറ്റ് സ്ഥാപനങ്ങളുടെ കാര്യത്തിൽ, 199 പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് കേരളമൊട്ടാകെ കണക്ഷൻ നൽകിയിട്ടുണ്ട്.

ശ്രീ. കെ. പ്രേംകുമാർ: സർ, കെ-ഫോൺ പദ്ധതി വഴി വീടുകളിലേക്ക് നൽകുന്ന കണക്ഷൻ എത്ര Mbps സ്പീഡ് മുതലാണ് തുടങ്ങുന്നത്. അതിന്റെ പ്ലാനിന് എത്ര രൂപയാണ് ചാർജ് ആകുന്നതെന്ന് പറയാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ 20 Mbps സ്പീഡിലാണ് തുടങ്ങുന്നത്. ഒരു മാസത്തേക്ക് 299 രൂപയും അതോടൊപ്പം ടാക്സും ഉൾപ്പെടെയുള്ള നിരക്കിലാണ് നൽകുന്നത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കെ-ഫോൺ പദ്ധതി വഴി OTT സേവനങ്ങൾ നൽകുന്നതിന്റെ സ്റ്റാർട്ടിങ് പ്ലാൻ എത്രയാണെന്ന് വ്യക്തമാക്കാമോ; കെ-ഫോൺ കണക്ഷൻ നൽകുന്നതിന്, പൂർത്തീകരിക്കുന്നതിന് കാലപരിധി നിശ്ചയിക്കാൻ കഴിയുന്നതാണോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ പദ്ധതി വഴി OTT-യുടെ സ്റ്റാർട്ടിങ് പ്ലാനുകൾ ഒരു മാസത്തേയ്ക്ക് 444/- രൂപ മുതലാണ് തുടങ്ങുന്നത്. 23 OTT-യും 350-ൽപരം ടി.വി. ചാനലുകളും ലഭിക്കും. ഇതുകൂടാതെ 45 Mbps സ്പീഡുള്ള ഇന്റർനെറ്റും ലഭിക്കും.

ശ്രീ. ഐ. ബി. സതീഷ്: സർ, എല്ലാവർക്കും വൈദ്യുതിയും കുടിവെള്ളവും ലഭ്യമാകുന്നതുപോലെ ഇന്റർനെറ്റ് ലഭ്യമാകുന്ന കാലത്തേക്ക് കേരളം എത്തുകയാണ്. നവകേരളത്തിലേക്ക് കേരളം അങ്ങനെയാണ് വളരുന്നത്. എന്റെ ചോദ്യം, കെ-ഫോൺ പദ്ധതിയിൽ കേബിളുകൾ അല്ലാതെ മറ്റെന്തൊക്കെ ഇൻഫ്രാസ്ട്രക്ചറുകളാണുള്ളത്; കെ-ഫോണിന്റെ കേബിൾ ശൃംഖല വ്യാപിപ്പിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ 375 point of presence, കൊച്ചിയിൽ ഒരു നെറ്റ്‌വർക്ക് ഓപ്പറേറ്റിങ് സെന്റർ, തിരുവനന്തപുരത്ത് 24 x 7 കാൾ സെന്റർ, ഇതുകൂടാതെ മുപ്പതിനായിരം കിലോമീറ്ററിന് മേൽ

ഫൈബറും ലഭ്യമാണ്. അധികമായി ആയിരം കിലോമീറ്റർ Optical Ground Wire (OPGW) കേബിൾ വ്യാപിപ്പിക്കുന്നത് സർക്കാർ പരിശോധിച്ചുവരികയുമാണ്.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, സർക്കാർ ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ ഉപയോഗിക്കുന്നതുകൊണ്ട് സർക്കാരിന് എന്തെല്ലാം നേട്ടങ്ങളാണുണ്ടാകുന്നത്; കെ-ഫോൺ മുഖേന വാണിജ്യ കണക്ഷൻ നൽകുന്നതിന് എത്ര ഓപ്പറേറ്റർമാരാണ് നിലവിൽ കെ-ഫോണുമായി സഹകരിക്കുന്നത്; കൂടാതെ അവർ മുഖേന എത്ര കണക്ഷനുകളാണ് ഇതുവരെ കെ-ഫോൺ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഗുണവശം മിതമായ നിരക്കിലാണ് കെ-ഫോൺ കണക്ഷനുകൾ നൽകുന്നതെന്നുള്ളതാണ്. മാത്രമല്ല, മെച്ചപ്പെട്ട സേവനവും നൽകുന്നുണ്ട്. 2327 ഓപ്പറേറ്റർമാരാണ് നിലവിൽ കണക്ഷനുകൾ നൽകിവരുന്നത്. ഇവർ മുഖേന 98166 കണക്ഷനുകൾ ഇതുവരെ നൽകിയിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കെ-ഫോൺ പദ്ധതിക്ക് ഇതുവരെ എത്ര കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ആദ്യം ഗവൺമെന്റ് നിശ്ചയിച്ചതിനേക്കാൾ കൂടുതൽ തുക ചെലവാക്കിയിട്ടുണ്ടെന്നുള്ള വിവരം

പൊതുസമൂഹത്തിന്റെ മുന്നിലുള്ളതാണ്. മിതമായ നിരക്കിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനാണ് ഈ പദ്ധതി ആരംഭിച്ചതെന്ന് ഇവിടെ പറഞ്ഞു. പക്ഷെ പലയിടത്തും ഇതിന്റെ കണക്ഷൻ ലഭിക്കുന്നില്ല എന്നുള്ള പരാതി ഉയർന്നുവരുന്നുണ്ട്. അതുപോലെ വാണിജ്യ കണക്ഷൻ നൽകുന്നതിനായി പ്രാദേശിക ഓപ്പറേറ്റർമാരെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഇത്തരമൊരു പദ്ധതി വന്നപ്പോൾ പൊതുവെ നല്ല രീതിയിൽതന്നെ പ്രതികരണങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. മൊത്തം ചെലവായ തുക എത്രയാണെന്നതിന്റെ കൃത്യമായ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല. അത് ബഹുമാനപ്പെട്ട അംഗത്തെ പിന്നീട് അറിയിക്കാം. എന്നാൽ മിതമായ നിരക്കിൽതന്നെ ഇന്റർനെറ്റ് സേവനം നൽകാൻ കഴിയുന്നുണ്ട്. തുടക്കത്തിൽ ഏത് കാര്യത്തിലും ചില പ്രശ്നങ്ങളുണ്ടാകുമല്ലോ, അതൊക്കെ വേഗത്തിൽതന്നെ പരിഹരിച്ചുപോകുകയാണ്, നല്ല കഴിവിലേക്ക് കെ-ഫോൺ ഉയർന്നുവരികയുമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പതിനെട്ട് മാസംകൊണ്ട് പൂർത്തിയാക്കുമെന്ന് അവകാശപ്പെട്ട് 1500 കോടി രൂപ മുടക്കി 2017-ലാണ്

കെ-ഫോൺ സംവിധാനം നിലവിൽവന്നത്. അന്ന് പറഞ്ഞത് ഇരുപത് ലക്ഷം വീടുകളിൽ സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുമെന്നാണ്. എന്നാൽ അതിന്റെ പത്തിലൊന്നുപോലും കണക്ഷൻ ഇത്രയും വർഷങ്ങളായി നൽകാൻ സാധിച്ചിട്ടില്ല. മുപ്പതിനായിരം സർക്കാർ ഓഫീസുകളിൽ ഈ സംവിധാനം ലഭ്യമാകുമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ സർക്കാർ ഓഫീസുകളിൽ കെ-ഫോൺ ഇന്റർനെറ്റ് സേവനത്തിലുണ്ടാകുന്ന വേഗതക്കുറവും തടസ്സവുംമൂലം മറ്റ് സേവനദാതാക്കളിലേക്ക് മാറാൻ വിവിധ വകുപ്പ് മേധാവികൾ സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട് എന്നൊരു വാർത്തയുണ്ടായിരുന്നു. അതിനെക്കുറിച്ച് എന്താണ് സർക്കാരിന്റെ വിശദീകരണം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതുപോലുള്ള കാര്യങ്ങൾ വരുമ്പോൾ ഇത്തരം കാര്യങ്ങൾക്കെതിരെയുള്ള ചില പ്രചരണങ്ങൾ സ്വാഭാവികമായും ചില കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവരും. നമ്മൾ അതിന്റെ വക്താക്കളായി മാറാൻ പാടില്ല. യഥാർത്ഥത്തിൽ നാടിന് വളരെ ഉപകാരപ്രദമായ ഒരു പദ്ധതിയാണിത്. ആ പദ്ധതി അതേരീതിയിൽതന്നെയാണ് നടപ്പാക്കുന്നത്. അവിടെ നാം ശ്രദ്ധിക്കേണ്ട ഒരു കാര്യം, ഈ മേഖല വലിയ തോതിൽ സ്വകാര്യ മേഖല ഇടപെടുന്ന ഒരു രംഗമാണ്. അവരുമായുള്ള മത്സരം

സാധാരണഗതിയിൽ ഒരുപാട് മറ്റ് പ്രചരണങ്ങൾക്ക് വഴിവയ്ക്കും. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വേഗതക്കുറവോ സേവനക്കുറവോ കെ-ഫോണിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുയെന്ന് പറയാൻ കഴിയില്ല. നല്ല രീതിയിൽതന്നെ പ്രശ്നങ്ങൾ പരിഹരിച്ചുപോകുന്നുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, കേരളത്തിന്റെ അഭിമാന പദ്ധതിയാണ് കെ-ഫോൺ. ദേശീയ തലത്തിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് നൽകാനുള്ള Internet Service Provider (ISP) Category A ലൈസൻസ് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

## വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനഃരധിവാസം

3 (*3) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുണ്ടക്കൈ-ചൂരൽമല പ്രദേശങ്ങളിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുന:രധിവസിപ്പിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ലഭിച്ച തുക ഇതിനായി യഥാസമയം വിനിയോഗിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാർ അനുവദിച്ച വായ്പ ഉപയോഗിച്ച് എന്തെല്ലാം പുനഃരധിവാസ പദ്ധതികളാണ് ഈ മേഖലയിൽ ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ദുരിതബാധിതരെ പൂർണ്ണമായും പുനഃരധിവസിപ്പിക്കാൻ എന്നത്തേക്ക് കഴിയുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ,

(എ) മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് ടൗൺഷിപ്പ് നിർമ്മിക്കുന്നതിനായി സർക്കാർ എൽസ്റ്റോൺ എസ്റ്റേറ്റിൽനിന്നും ഏറ്റെടുത്ത 64.4705 ഹെക്ടർ ഭൂമിയിൽ ടൗൺഷിപ്പ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ടൗൺഷിപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടർ

ചെയർപേഴ്സണും ചീഫ് ഓപ്പറേറ്റിങ് ഓഫീസർ, ടൗൺഷിപ്പ് പ്രോജക്ട് കൺവീനറുമായി ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും നിശ്ചിത ഇടവേളകളിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുകയും ചെയ്തുവരുന്നുണ്ട്.

പുനരധിവാസത്തിനായി ഫെയ്സ് 1, ഫെയ്സ് 2A, ഫെയ്സ് 2B എന്നീ മൂന്ന് ഘട്ടങ്ങളായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി 402 ഗുണഭോക്താക്കളുടെ പുനരധിവാസ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുനരധിവാസ ലിസ്റ്റിലുൾപ്പെട്ട ഗുണഭോക്താക്കളിൽനിന്നും ഓപ്ഷൻ 1 (വീട്), ഓപ്ഷൻ 2 (ധനസഹായം) എന്നിങ്ങനെ സമ്മതപത്രം സ്വീകരിക്കുകയും ടൗൺഷിപ്പിന് പുറത്തുതാമസിക്കുന്നതിന് സർക്കാർ ധനസഹായം 15 ലക്ഷം രൂപ ലഭിക്കുന്നതിന് സമ്മതപത്രം സമർപ്പിച്ച 104 ഗുണഭോക്താക്കൾക്ക് 15 ലക്ഷം രൂപ വീതം വിതരണം ചെയ്തിട്ടുമുണ്ട്. 295 ഗുണഭോക്താക്കൾ വീടിന് സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്.

അന്തിമ ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചതിനുശേഷം ലഭ്യമായിട്ടുള്ള അപ്പീൽ അപേക്ഷകൾ സർക്കാർ തലത്തിൽ പരിശോധിക്കുകയും 49 ഗുണഭോക്താക്കളെ പുനരധിവാസ ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേന്ദ്ര സർക്കാർ അനുവദിച്ച വായ്പ ഉപയോഗിച്ച് നടത്തുന്ന പുനരധിവാസ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) 2026 ജനുവരി മാസത്തിനകം വീടുകൾ കൈമാറുന്നതിനാണ് ലക്ഷ്യമിടുന്നത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മുണ്ടക്കൈ, ചൂരൽമല പ്രദേശത്തെ ദുരിതബാധിതർ സർവസ്വവും നഷ്ടപ്പെട്ടവരാണ്. വീട് മാത്രമല്ല കൃഷി, ഭൂമി, വാഹനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ എല്ലാം നഷ്ടപ്പെട്ടു. ഇതിന്റെയെല്ലാം യാഥാർഥ നഷ്ടത്തിന്റെ കണക്ക് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണ്?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ എല്ലാവരും ഒരുപോലെ തൽപരരായിക്കൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചുവന്നത്. അതിന്റെ ഭാഗമായിതന്നെ എല്ലാ കാര്യങ്ങളെക്കുറിച്ചും വ്യക്തമായ കണക്കുകൾ എടുത്തിട്ടുണ്ട്. പക്ഷേ ആ കണക്കുകൾ ആകെ എത്രയെന്നും ഓരോന്നും എത്രയെന്നുമുള്ള വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ദുരിതബാധിതരിൽ കൃഷി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, എല്ലാ നഷ്ടങ്ങൾക്കും പരിഹാരം കാണണമെന്നുള്ളതാണ് സർക്കാരിന്റെ അഭിപ്രായം. നമുക്ക് എല്ലാവർക്കും അക്കാര്യത്തിൽ ഏക അഭിപ്രായമാണുള്ളത്. അതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾകൂടി ഇനിയും ചെയ്യേണ്ടതായിട്ടുണ്ടാകും.

ശ്രീ. പി. കെ. ബഷീർ: സർ, മുണ്ടക്കൈ, ചൂരൽമല പ്രദേശത്ത് ദുരിതമുണ്ടായതിനുശേഷം സംസ്ഥാന സർക്കാർ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിലേക്ക് എം.എസ്.എം.ഇ. പുനരുദ്ധാരണത്തിനായി 2018-19-ൽ ഉജ്ജീവന വായ്പാ പദ്ധതിപോലുള്ള ഒരു പദ്ധതി ചൂരൽമല, മുണ്ടക്കൈ ദുരിതബാധിതർക്കുവേണ്ടി എസ്.എൽ.ബി.സി.-യിൽ ചർച്ചയ്ക്ക് വയ്ക്കുമെന്ന് പറഞ്ഞിരുന്നു. നാളിതുവരെ അതിനെപ്പറ്റി തീരുമാനമുണ്ടായതായി കാണുന്നില്ല. അതിനായി സർക്കാർ എന്ത് നടപടി സ്വീകരിച്ചു? ബെയ്‌ലി പാലത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാവുന്നതാണ്. ബെയ്‌ലി പാലത്തിനപ്പുറം മുമ്പ് താമസിച്ചിരുന്ന ആളുകളുടെ സ്ഥലങ്ങളും റിസോർട്ടുകളുമുണ്ട്. അവിടെ താമസിച്ചിരുന്നവർക്ക് അങ്ങോട്ട്

പോകണമെങ്കിൽ ഓരോ ദിവസവും പാസെടുക്കണം. അതിന് ഒരു മാറ്റം വരുത്തി അവർക്ക് സ്ഥിരമായി ഒരു പാസ് നൽകാൻ സാധിക്കുമോ; ഓരോ ദിവസവും അങ്ങോട്ട് പോകുന്നതിന് പാസ് എടുക്കേണ്ട അവസ്ഥയാണുള്ളതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് ഒരു പരിഹാരം കാണുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം എന്താണെന്ന് പരിശോധിക്കാം. അക്കാര്യത്തിൽ ജനങ്ങൾക്ക് സുരക്ഷ ഉറപ്പുവരുത്തുകയെന്ന നടപടികളുടെ ഒരു ഘടകമുണ്ട്. സുരക്ഷയ്ക്ക് അപകടം വരുന്ന സ്ഥലത്തേയ്ക്ക് പോകുന്ന പ്രശ്നം വരുമ്പോൾ അതിനകത്ത് ചില ഇടപെടലുകൾ അധികൃതരുടെ ഭാഗത്തുനിന്നുണ്ടാകും.

മി. സ്പീക്കർ: സേഫ് സോണിലേക്ക് പോകുവാൻ അനുമതി നൽകുമോ എന്നാണ് ചോദിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാം.

ശ്രീ. യു. എ. ലത്തീഫ്: സർ, മുണ്ടക്കൈ, ചൂരൽമല ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ ധനസഹായം നൽകിയത്

ഉപാധികളോടെയാണോ; എന്തൊക്കെയാണ് ഉപാധികൾ; എത്ര തുകയാണ് ലഭിച്ചത്; എത് രീതിയിലാണ് ഇത് വിനിയോഗിക്കുന്നത്; ഉപാധിരഹിതമായി തുക ലഭിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, എന്റെ ഓർമ്മ ശരിയാണെങ്കിൽ 526 കോടി രൂപയാണ് നൽകിയിട്ടുള്ളത്, അതുമായി ബന്ധപ്പെട്ട് സഹായമല്ല നമുക്ക് നൽകിയത്. എല്ലാവരും ആവശ്യപ്പെട്ടത് സഹായമാണ്, അത് ഇതുവരെ ഒന്നും ലഭ്യമായിട്ടില്ല. ഇത് വായ്പയായിട്ടാണ് നൽകിയിട്ടുള്ളത്. അതാണ് നാം കാണേണ്ടത്.

ശ്രീ. നജീബ് കാന്തപുരം: സർ, വയനാട് മഹാദുരന്തമുണ്ടായിട്ട് ഒരു വർഷവും ഒന്നര മാസവും പിന്നിട്ടിരിക്കുകയാണ്. ഇപ്പോഴും ആ ദുരന്തത്തിനോടനുബന്ധമായിട്ടുള്ള സേഫ് സോണായി പ്രഖ്യാപിച്ചിരിക്കുന്ന സ്ഥലത്ത് ജനങ്ങൾ സ്ഥിരമായി താമസിക്കുകയാണ്. സ്വഭാവികമായും ഈ ദുരന്തത്തിൽ തകർന്നുപോയ നാടിന്റെ ഭാഗമായ മേപ്പാടി പഞ്ചായത്തിലെ 10, 11, 12 വാർഡുകൾ ഉൾപ്പെടുന്ന, സേഫ് സോണിലേക്ക് ഇപ്പോഴും കണക്ട് ചെയ്യുന്ന റോഡ് നിർമ്മിച്ചിട്ടില്ല. ഒരു വർഷവും ഒന്നര മാസവും കഴിഞ്ഞിട്ടും സേഫ് സോണിൽ താമസിക്കുന്ന ആളുകൾക്കുള്ള വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചിട്ടില്ല. ഇത്ര നിരുത്തരവാദപരമായിട്ടാണ് കാര്യങ്ങൾ

പോകുന്നത്. എത്രയുംവേഗം വൈദ്യുതിബന്ധവും റോഡും നിർമ്മിച്ച് നൽകാൻ സർക്കാരിന് പദ്ധതിയുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്രയും വിവരം മനസ്സിലാക്കിയ ബഹുമാനപ്പെട്ട അംഗം അവിടെയുള്ള റോഡിന്റെ പണി ആരംഭിച്ചുവെന്നത് മനസ്സിലാക്കിയിട്ടുണ്ടാകും. അത് പറയാതിരുന്നതാണ് എന്നാണ് തോന്നുന്നത്. അതുമായി ബന്ധപ്പെട്ട നടപടികൾ പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, വയനാട് ചൂരൽമല, മുണ്ടക്കൈ ദുരിതബാധിതരെ സഹായിക്കുന്നതിനും പുന:രധിവസിപ്പിക്കുന്നതിനും സംഘടനകളും വ്യക്തികളും എന്തെല്ലാം വാഗ്ദാനങ്ങൾ നൽകിയെന്നും അതിൽ ഏതെല്ലാം നടപ്പാക്കിയെന്നും വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, എല്ലാ ഭാഗത്തുനിന്നും ഒരുപാട് സഹായങ്ങൾ, വാഗ്ദാനങ്ങൾ അതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുണ്ട്. വളരെ നല്ല പ്രതികരണമാണ് ആ ഘട്ടത്തിലുണ്ടായത്. അതാണ് നമ്മുടെ സംസ്ഥാനത്തിന് ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസഹായം ലഭിക്കാതിരുന്ന ഘട്ടത്തിലും യാഥാർത്ഥത്തിൽ നൽകിയ ഊർജം. എല്ലാ മേഖലയിൽനിന്നും വലിയ സഹായവും പിന്തുണയും ലഭിച്ചിരുന്നു. അതിൽ എന്തൊക്കെ

നടപ്പാക്കിയെന്നുള്ള ലിസ്റ്റ് ഇപ്പോൾ എന്റെ കൈവശമില്ല. അത് പിന്നീട് പറയാം.

ശ്രീ. ടി. സിദ്ദിഖ്: സർ, നേരത്തെ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി പറഞ്ഞത് ഇപ്പോൾ പറയാമോ?

മി. സ്പീക്കർ: അത് സാധിക്കില്ല.

ശ്രീ. ടി. സിദ്ദിഖ്: സർ, ആഗസ്റ്റ് 21-ന് ശ്രീമതി പ്രിയങ്കാ ഗാന്ധി, ശ്രീ. ജെ.പി. നദ്ദയെ കണ്ട കാര്യം....

മി. സ്പീക്കർ: No....Please...

ശ്രീ. ടി. സിദ്ദിഖ്: സർ, മുഖ്യമന്ത്രിയുടെ സി.എം.ഡി.ആർ. ഫണ്ടിൽ (Chief Ministers Distress Relief Fund) 780 കോടി രൂപ, കോടതി റിലീസ് ചെയ്ത് നൽകിയ 120 കോടി രൂപ, സാസ്കി പദ്ധതിയിൽ 529 കോടി രൂപ, പി.ഡി.എൻ.ഐ.-യുടെ ഭാഗമായുള്ള 260 കോടി രൂപ ഇപ്പോൾ അംഗീകരിച്ചുവരികയാണ്. ഈ തുകയുടെ പകുതിയോളം രൂപ ഭരണാനുമതിയോ അതിന്റെ ക്രമീകരണത്തിലേക്കോ വന്നിട്ടില്ല. കോടതി അനുവദിച്ച 120 കോടി രൂപ റിലീസ് ചെയ്തതിൽ മുണ്ടക്കൈ-ചൂരൽമലയുമായി ബന്ധപ്പെട്ട് 50 കോടി രൂപയുടെ ഭരണാനുമതി മാത്രമാണ്

ഇതുവരെ ലഭ്യമാക്കിയിട്ടുള്ളത്. ഡിസംബർ 31-ാം തീയതി സാസ്കി പദ്ധതിയുടെ കാലാവധി കഴിയുകയാണ്. 300 കോടി രൂപയുടെ പദ്ധതികൾമാത്രമാണ് അപ്രൂവ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് അടിയന്തരമായി ഇതിന്റെ ഏകോപനം കാര്യക്ഷമമാക്കാനും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനും അങ്ങ് തന്നെ നേരിട്ട് ഇടപെട്ടിട്ടുള്ള ക്രമീകരണമുണ്ടാവണം എന്നതാണ് എന്റെ അഭ്യർഥന.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. അതിൽ മുഖ്യമന്ത്രി ചെയർമാനായുള്ള കൗൺസിൽ അടക്കം പ്രവർത്തിക്കുന്നുണ്ട്. അതേ സമയം മറ്റ് തരത്തിലുള്ള ഒരുപാട് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഒരു ആശങ്കയും വേണ്ടതില്ല. നമ്മൾ ഏത് തീയതിയാണോ പറഞ്ഞിട്ടുള്ളത് ആ സമയത്തിനുള്ളിൽ ഇതിന്റെ എല്ലാ ഭാഗങ്ങളും പൂർത്തീകരിക്കാനുള്ള ശ്രമം തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി

4(*4) <u>ശ്രീ. എം. നൗഷാദ്</u>:

<u>ശ്രീ. എ. പ്രഭാകരൻ</u>:

<u>ശ്രീമതി ശാന്തകുമാരി കെ.</u>:

ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ- പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യവകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തവണത്തെ ഓണക്കാലത്ത് നൽകിയ ഓണക്കിറ്റിൽ എന്തെല്ലാം അവശ്യവസ്തുക്കൾ ഉൾപ്പെടുത്തിയിരുന്നുവെന്ന് അറിയിക്കാമോ;

(സി) ഏതെല്ലാം വിഭാഗത്തിലെ എത്ര കുടുംബങ്ങൾക്കാണ് കിറ്റ് വിതരണം ചെയ്തതെന്നും ഇതിനായി ഏകദേശം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) അധിക ഭക്ഷ്യധാന്യങ്ങൾ ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ സമീപനം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, (എ) അരിയും വെളിച്ചെണ്ണയും മുളകും ഉൾപ്പെടെയുള്ള അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താനും വിലക്കയറ്റം നിയന്ത്രിക്കാനും നിശ്ചയദാർഢ്യത്തോടെ സർക്കാർ നടത്തിയ ഇടപെടലുകൾ കാര്യക്ഷമവും

ഫലപ്രദവുമായി. ഈ ഓണക്കാലത്ത് സംസ്ഥാനത്ത് 56.73 ലക്ഷം കാർഡുടമകൾ സപ്ലൈകോ വില്പനശാലകളിൽനിന്നും നിത്യോപയോഗ സാധനങ്ങൾ കൈപ്പറ്റിയിട്ടുണ്ട്. ഓഗസ്റ്റ് 27-ന് സപ്ലൈകോയുടെ സർവകാല റെക്കോർഡ് തിരുത്തി പ്രതിദിന വിൽപന 15.7 കോടിയിലെത്തി. പിന്നീടുള്ള ഓരോ ദിവസങ്ങളിലും ഇത് ക്രമമായി വർധിച്ച് സെപ്റ്റംബർ മൂന്നിന് 24.99 കോടി ആയി. ഉത്രാടം നാളായ സെപ്റ്റംബർ നാലുവരെ 386 കോടി രൂപയുടെ വിൽപനയാണ് നടന്നത്. ഇതിൽ 180 കോടി സബ്സിഡി ഉൽപ്പന്നങ്ങളുടേതാണ്. ഓണത്തോടനുബന്ധിച്ച് റേഷൻ കടകൾവഴി 149407 മെട്രിക് ടൺ അരി വിതരണം ചെയ്തിട്ടുണ്ട്. ഇക്കണോമിക് കോസ്റ്റായ 40 രൂപവച്ച് കണക്കാക്കുമ്പോൾ 598 കോടി രൂപയുടെ അരി റേഷൻകടകൾ വഴി വിതരണം ചെയ്തിട്ടുണ്ട്. പ്രതിസന്ധികൾ ഏറെയുണ്ടായിട്ടും അതെല്ലാം തരണം ചെയ്താണ് ഈ സർക്കാർ ജനങ്ങളെ വിലക്കയറ്റത്തിന്റെ പിടിയിലമരാതെ സംരക്ഷിച്ചത്. ഇന്ത്യയ്ക്കാകെ മാതൃകയായ സിവിൽ സപ്ലൈസ് കോർപ്പറേഷനെ കേരളത്തിലെ ജനങ്ങൾ ഹൃദയത്തോടൊപ്പം ചേർത്തുവയ്ക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

**റേഷൻകടകൾ വഴി ഓണത്തിന് സ്പെഷ്യൽ അരി**

NFSA നിയമപ്രകാരം സംസ്ഥാനത്തെ റേഷൻ വിതരണം 43% ജനങ്ങളിലേക്ക് അതായത് ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപത് ഗുണഭോക്താക്കളിലേക്ക് ചുരുങ്ങി. 1965 മുതൽ സാർവത്രിക റേഷനിങ് ലഭിച്ചുപോന്ന സംസ്ഥാനത്തിന് പുതിയ നിയമത്തിലൂടെ കേന്ദ്രം അടിച്ചേൽപ്പിച്ച വ്യവസ്ഥകൾ വലിയ പ്രയാസം സൃഷ്ടിച്ചു. റേഷൻ കവറേജിന് പുറത്തുപോയ സംസ്ഥാന ജനസംഖ്യയിലെ 57% വരുന്ന മുൻഗണനേതര വിഭാഗത്തെ സംസ്ഥാന സർക്കാർ കൈയൊഴിയാതിരിക്കുകയും പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽനിന്നും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. മുൻഗണനേതര വിഭാഗത്തിലെ നീല (Non Priority Subsidy) കാർഡിലെ ഗുണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിൽനിന്നും കിലോഗ്രാമിന് 8.30 രൂപ നിരക്കിൽ ലഭിക്കുന്ന അരി 4/- രൂപ നിരക്കിൽ പ്രതിമാസം ആളൊന്നിന് 2 കിലോഗ്രാം വീതവും വെള്ള (Non Priority Non-Subsidy) കാർഡിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യതയ്ക്കനുസരിച്ചും വിതരണം ചെയ്തുവരുന്നു.

ഓണംപോലെയുള്ള ഉത്സവവേളകളിൽ വിപണിയിൽ ഭക്ഷ്യധാന്യ ലഭ്യത കുറയുകയും വിലക്കയറ്റത്തിന് ഇടയാക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി മുൻഗണനേതര വിഭാഗത്തിന് ഉൾപ്പെടെ പ്രത്യേക

വിഹിതം വിതരണം ചെയ്യാൻ സർക്കാർ തയ്യാറായി. പിങ്ക് (PHH) കാർഡിന് 5 കിലോഗ്രാം അരിയും നീല (Non Priority Subsidy) കാർഡിന് 10 കിലോഗ്രാം അരിയും 10.90 രൂപ നിരക്കിൽ നിലവിലുള്ള അരി വിഹിതത്തിനുപുറമെ ലഭ്യമാക്കി. വെള്ള (Non Priority Non-Subsidy) കാർഡിന് ആകെ 15 കിലോഗ്രാം അരിയും 10.90 രൂപ നിരക്കിൽ ലഭ്യമാക്കി. മഞ്ഞ (AAY) കാർഡിന് ഒരു കിലോ പഞ്ചസാര ലഭ്യമാക്കി.

സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു സംസ്ഥാനതല കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടർ, പൊതുവിതരണ ഉപഭോക്തൃകാര്യ, കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗം ചേർന്ന് വിപണി സാഹചര്യം വിലയിരുത്തുകയും റിപ്പോർട്ട് ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർ മുഖേന കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ ഭക്ഷ്യ പൊതുവിതരണ വകുപ്പ് ജില്ല/താലൂക്ക് തലങ്ങളിൽ പൊതുവിപണിയിൽ പതിവായി പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

ഉത്സവ സീസണുകളിൽ പൊതുവിതരണ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷ എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്താറുണ്ട്. വകപ്പുതല സ്ക്വാഡുകളുടെ നേതൃത്വത്തിൽ വിപണിയിൽ പരിശോധന നടത്തി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

അവശ്യവസ്തുക്കളുടെ വില നിരീക്ഷണത്തിനും വില ശേഖരണത്തിനും വേണ്ടി ഒരു Price monitoring Cell സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിപണി ഇടപെടലുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയരൂപീകരണത്തിനായി 14 ജില്ലകളിൽനിന്നും വിപണി വില ശേഖരിച്ച് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സഹായത്തോടെ സർക്കാരിന് ശിപാർശകൾ സമർപ്പിക്കുന്നു.

**ഓണം ഫെയറുകൾ**

ഓണത്തോടനുബന്ധിച്ച് 14 ജില്ലാ ഓണം ഫെയറുകളും നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള 140 ഫെയറുകളും സപ്ലൈകോ സംഘടിപ്പിച്ചിരുന്നു. ഇതിനുപുറമെ ഉൾപ്രദേശങ്ങളിലേക്ക് സപ്ലൈകോയുടെ സേവനം എത്തിച്ചുകൊണ്ട് സഞ്ചരിക്കുന്ന ഓണച്ചന്തകൾ എല്ലാ

നിയോജകമണ്ഡലങ്ങളിലും പര്യടനം നടത്തി സബ്സിഡി സാധനങ്ങളടക്കമുള്ളവ ജനങ്ങൾക്ക് ലഭ്യമാക്കി.

13 ഇന സബ്സിഡി സാധനങ്ങൾക്ക് പുറമെ ഓണത്തോടനുബന്ധിച്ച് കൂടുതൽ അരിയും സപ്ലൈകോ വിതരണം ചെയ്തിരുന്നു. സാധാരണ വിതരണം നടത്തിയിരുന്ന 8 കിലോഗ്രാമിന് പുറമെ 20 കിലോഗ്രാം അരിയാണ് 25/- രൂപ നിരക്കിൽ കാർഡൊന്നിന് അധികമായി നൽകിയത്.

ഇതുകൂടാതെ സബ്സിഡിയിതര ഉൽപ്പന്നങ്ങൾക്ക് വമ്പിച്ച വിലക്കുറവ്, കോമ്പോ ഓഫറുകൾ, അധിക കിഴിവ് നൽകുന്ന ഹാപ്പി അവേഴ്സ്, ഉപഭോക്താക്കൾക്കായുള്ള പ്രത്യേക സമ്മാന പദ്ധതികൾ തുടങ്ങി നിരവധി ജനപ്രിയ പദ്ധതികളും സപ്ലൈകോ നടപ്പിലാക്കി.

**<u>വെളിച്ചെണ്ണ വില പിടിച്ചുനിർത്തി</u>**

ഓണക്കാലത്തിന് തൊട്ടുമുമ്പ് വിപണിയിൽ വെളിച്ചെണ്ണയുടെ വില ക്രമാതീതമായി വർധിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ഈ വിഷയത്തിൽ സർക്കാർ ഇടപെട്ടു. ഭക്ഷ്യ, വ്യവസായ, കൃഷി വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ യോഗങ്ങൾ വിളിച്ചുചേർക്കുകയും പരമാവധി കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള വെളിച്ചെണ്ണ

ലഭ്യമാക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇതിനായി സപ്ലൈകോയുടെ ടെൻഡർ നിബന്ധനകളിൽ ഇളവ് വരുത്തിക്കൊണ്ട് കൂടുതൽ ഉൽപാദകർക്ക് ടെൻഡറിൽ പങ്കെടുക്കാനുള്ള അവസരമൊരുക്കി. ലിറ്ററിന് 529/- രൂപ വില ഉണ്ടായിരുന്ന അവസരത്തിൽ 457/- രൂപ നിരക്കിൽ സപ്ലൈകോ മുഖേന കേര വെളിച്ചെണ്ണ വിപണനം നടത്തി. തുടർന്ന് ക്രമാനുഗതമായി വെളിച്ചെണ്ണ വില പൊതുവിപണിയിൽ കുറയുകയും ഉപഭോക്താക്കൾക്ക് സപ്ലൈകോ വിൽപനശാലയിൽനിന്ന് 429/- രൂപയ്ക്ക് കേര വെളിച്ചെണ്ണയും 383/- രൂപയ്ക്ക് ശബരി വെളിച്ചെണ്ണയും യഥേഷ്ടം ലഭ്യമാക്കാനും സാധിച്ചു. ഒരാൾക്ക് ഒരു ലിറ്റർ കേര വെളിച്ചെണ്ണ മാത്രം എന്ന നിബന്ധന മാറ്റി ഉപഭോക്താക്കളുടെ ആവശ്യാനുസരണം വെളിച്ചെണ്ണ നൽകി. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരിയുടെ ഒരു ലിറ്റർ വെളിച്ചെണ്ണ സബ്സിഡി നിരക്കിൽ 339/- രൂപയ്ക്കും സബ്സിഡിയില്ലാതെ 389/- രൂപയ്ക്കും ഓണക്കാലത്ത് നൽകി.

(ബി&സി) AAY കാർഡുടമകൾക്കും അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കുമായി തുണിസഞ്ചി

ഉൾപ്പെടെ 15 അവശ്യ സാധനങ്ങൾ അടങ്ങുന്ന സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന് 43 കോടി രൂപയാണ് സപ്ലൈകോയ്ക്ക് അനുവദിച്ചത്. AAY കാർഡ് ഉടമകൾക്കായി 563571 കിറ്റുകളും സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് നാലുപേർക്ക് ഒരു കിറ്റ് എന്ന കണക്കിന് പതിനായിരത്തോളം ഓണക്കിറ്റുകളും ചെങ്ങറ സമരഭൂമിയിൽ ഉൾപ്പെട്ട 426 കുടുംബങ്ങൾക്കുള്ള ഓണക്കിറ്റുകളും വിതരണം നടത്തിവരുന്നു.

(ഡി) ഈ ഓണത്തിന് ടൈഡ് ഓവർ വിഹിതത്തിന്റെ വിലയായ 8.30 രൂപയ്ക്ക് കേരളത്തിന് അധിക അരി വിഹിതം നൽകണമെന്ന് ജൂലൈ 1-ാം തീയതി കേന്ദ്ര ഭക്ഷ്യ മന്ത്രിയെ നേരിൽക്കണ്ട് ആവശ്യപ്പെട്ടെങ്കിലും ഒരു മണി അരിപോലും അധികമായി നൽകാനാകില്ലെന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. ആവശ്യമെങ്കിൽ സ്വകാര്യ വ്യക്തികൾക്കും കമ്പനികൾക്കും വാങ്ങാവുന്ന OMSS നിരക്കിൽ സംസ്ഥാന സർക്കാരിന് അരി വാങ്ങാം എന്ന മറുപടിയാണ് കേന്ദ്രം അറിയിച്ചത്. മുൻപും ദുരന്തഘട്ടങ്ങളിൽപ്പോലും സംസ്ഥാന സർക്കാർ ജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്ത ഭക്ഷ്യധാന്യം കേന്ദ്ര സർക്കാരും എഫ്.സി.ഐ.-യും സൗജന്യമായോ സൗജന്യ നിരക്കിലോ നൽകിയിട്ടില്ല. 2018-ൽ ഓഖി സമയത്ത് 3555

മെട്രിക് ടണ്ണിന് എം.എസ്.പി. നിരക്കിൽ 8.31 കോടി രൂപയും 2018-ലെ പ്രളയ സമയത്ത് 89540 മെട്രിക് ടണ്ണിന് 205.8 കോടി രൂപയും കോവിഡ് മഹാമാരിക്കാലത്ത് 3.05 ലക്ഷം മെട്രിക് ടൺ അരിക്ക് 649 കോടി രൂപയും കേന്ദ്രം നിർബന്ധപൂർവം പിടിച്ചുവാങ്ങി.

ശ്രീ. എം. നൗഷാദ്: സർ, കഴിഞ്ഞ ഓണം സന്തോഷകരവും ആനന്ദകരവും ആഹ്ലാദകരവുമായി ആഘോഷിക്കുന്നതിന് കേരളീയരെ സജ്ജരാക്കിയതിനുവേണ്ടിയുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയ ഭക്ഷ്യ വകുപ്പിനെയും സപ്ലൈകോയെയും ഈ ഗവൺമെന്റിനെയും അതിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മന്ത്രിയെയും ഹൃദയപൂർവം അഭിനന്ദിക്കുന്നു. കഴിഞ്ഞ ഓണക്കാലത്ത് സപ്ലൈകോവഴി എത്ര രൂപയുടെ വിറ്റുവരവാണ് ഉണ്ടായത്; അതിൽ സബ്സിഡി ഇനത്തിൽ എത്ര; നോൺ സബ്സിഡി ഇനത്തിൽ എത്രയെന്ന കണക്ക് വ്യക്തമായി പറയാൻ കഴിയുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, 386 കോടിയിൽപരം രൂപയുടെ വിൽപന കഴിഞ്ഞ ഓണക്കാലത്ത് സപ്ലൈകോയ്ക്ക് നടത്താൻ കഴിഞ്ഞു. സബ്സിഡി ഇനത്തിൽ 180 കോടി രൂപയുടെ വിൽപനയും നോൺ സബ്സിഡി ഇനത്തിൽ 206 കോടി രൂപയുടെ വിൽപനയും നടന്നു. എല്ലാ

ഗ്രാമങ്ങളിലും പോകാൻ കഴിയുന്ന സഞ്ചരിക്കുന്ന ഓണച്ചന്തകളടക്കം ഇത്തവണ ഓണത്തിന് യാഥാർത്ഥ്യമാക്കാൻ സാധിച്ചു.

ശ്രീ. എം. നൗഷാദ്: സർ, ഈ ഓണക്കാലത്ത് എല്ലാ കാർഡുടമകൾക്കും 25/- രൂപ നിരക്കിൽ 20 കി.ഗ്രാം അരി വീതം നൽകുകയുണ്ടായി. അരിയുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് ഈ പദ്ധതി തുടരാൻ കഴിയുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഈ പദ്ധതി തുടരുകതന്നെ ചെയ്യും. കെ-റൈസ് 8 കി.ഗ്രാം 33/- രൂപ നിരക്കിലും സ്പെഷ്യൽ അരിയായി മുമ്പ് ഇവിടെ സൂചിപ്പിച്ച 20 കി.ഗ്രാം അരി 25/- രൂപ നിരക്കിലും തുടരുകതന്നെ ചെയ്യും.

ശ്രീ. എ. പ്രഭാകരൻ: സർ, ഇക്കഴിഞ്ഞ ഓണം ഗംഭീരമായി നടത്തുന്നതിന് സപ്ലൈകോയും സിവിൽ സപ്ലൈസും എടുത്ത നടപടികളെ ഞാൻ പ്രശംസിക്കുന്നു. ഭക്ഷ്യധാന്യവുമായി ബന്ധപ്പെട്ട് ഈ സംഭരണ വർഷം നമ്മുടെ സംസ്ഥാനത്തെ കർഷകരിൽനിന്നും എത്ര മെട്രിക് ടൺ നെല്ല് ശേഖരിച്ചു; അതിന്റെ വിലയായി കർഷകർക്ക് നൽകാനുള്ള തുകയെത്ര; നൽകിയ തുക എത്ര; ഇതിൽ എത്ര തുക കേന്ദ്രം നൽകി; ഇനി കേന്ദ്രം നൽകാനുള്ള തുക ആകെ എത്ര ബാക്കിയുണ്ട്; പി.ആർ.എസ്.

ഹാജരാക്കുന്ന മുറയ്ക്ക് പണം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ഈ പ്രശ്നം പരിഹരിക്കുന്നതിനായി സർക്കാരിന്റെ കൈവശം എന്തെങ്കിലും പരിപാടിയുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, 2024-25 സംഭരണ വർഷം 207144 കർഷകരിൽനിന്ന് 5.8 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഇതിന് 1645 കോടി രൂപ വില വരുന്നതാണ്. ഇതിൽ 1403 കോടി രൂപ കർഷകർക്ക് നൽകുകയും 242 കോടി രൂപ കർഷകർക്ക് നൽകുന്നതിനായി സപ്ലൈകോ ബാങ്കുകളെ ഏൽപിക്കുകയും ചെയ്തു. ഈ ആഴ്ചതന്നെ പൂർണമായും അത് കർഷകർക്ക് കൊടുത്തുതീർക്കാൻ കഴിയുന്ന തരത്തിലുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്ന് 2024-25 വർഷത്തെ നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് 1645 കോടി രൂപയിൽ ഒരു പൈസയും ലഭിച്ചിട്ടില്ല. 2017-18 മുതലുള്ള പഴയ കുടിശിക 1206 കോടി രൂപ ലഭിക്കാനുണ്ട്. രണ്ടുംകൂടി ചേർത്ത് 2851 കോടി രൂപയുണ്ട്.

ശ്രീമതി ശാന്തകുമാരി കെ. ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സംസ്ഥാനത്തെ വിവിധ ഉന്നതികളിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിന് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ മറ്റ് ഉൽപ്പന്നങ്ങളും സേവനങ്ങളുംകൂടി ലഭ്യമാക്കുന്ന കെ-സ്റ്റോറുകളാക്കി

ഉയർത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; അതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനത്ത് ഇപ്പോൾ 2135 കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഓണക്കാലത്ത് കെ-സ്റ്റോറുകളിൽ കൺസ്യൂമർ ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 32.17 കോടി രൂപയുടെ വിൽപന നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഇത് പുതിയൊരു കാൽവയ്പാണ്. നല്ല അനുകൂല നിലപാട് തന്നെയാണ്. സഞ്ചരിക്കുന്ന റേഷൻകട പോലെതന്നെ അതുമായി ബന്ധപ്പെട്ട കെ-സ്റ്റോറുകൾ സഞ്ചരിക്കുന്ന കെ-സ്റ്റോറുകളായി ഉന്നതികളിലെത്തിയാൽ അത് ആ മേഖലയിലെ ജനങ്ങൾക്ക് വളരെ പ്രയോജനകരമാകുമെന്ന അഭിപ്രായം ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽക്കൊണ്ടുവന്നത് പൂർണമായും പരിഗണിക്കുമെന്നുള്ള കാര്യം ഞാൻ അറിയിക്കുകയാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഇപ്രാവശ്യത്തെ ഓണക്കാലയളവ് സാധാരക്കാരന്റെ കീശ ചോരാതെ ഓണം സമൃദ്ധമായി ആഘോഷിക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ നടപടികളാണ് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് നടത്തിയിട്ടുള്ളത്. ഈ ഓണക്കാലത്ത് റേഷൻ

കടകൾവഴി എത്ര മെട്രിക് ടൺ അരി വിതരണം ചെയ്തുവെന്നും ഏതെല്ലാം വിഭാഗക്കാർക്ക് എത്രവീതമാണെന്നും വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഈ ഓണക്കാലത്ത് റേഷൻകടകളിൽ സാധാരണ നൽകുന്ന റേഷൻ അരിവിഹിതത്തിനുപുറമേ പിങ്ക് കാർഡുകാർക്ക് 5 കി.ഗ്രാമും നീല കാർഡുകാർക്ക് 10 കി.ഗ്രാമും വെള്ള കാർഡുകാർക്ക് 15 കി.ഗ്രാമും 10.90 രൂപയ്ക്ക് നൽകുകയുണ്ടായി. മഞ്ഞ കാർഡുകാർക്ക് 35 കി.ഗ്രാം ധാന്യം ലഭിക്കുന്നതിനുപുറമേ ഒരു കി.ഗ്രാം പഞ്ചസാരയും നൽകുകയുണ്ടായി. ഇപ്രാവശ്യം ഓണം പ്രമാണിച്ച് 149000 മെട്രിക് ടൺ അരി നമുക്ക് വിതരണം ചെയ്യാൻ കഴിഞ്ഞു. ഇതിന്റെ കോസ്റ്റ് 40/- രൂപവച്ച് കണക്കാക്കിയാൽ 598 കോടി രൂപയുടെ അരി നമ്മുടെ മാർക്കറ്റിലേക്ക് പോകേണ്ട ആളുകളിലേക്ക് പോകാതെ റേഷൻ കടകളിലൂടെ ന്യായവിലയ്ക്ക് കൊടുക്കാൻ കഴിഞ്ഞുവെന്നുള്ളതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ഈ ഓണക്കാലത്ത് വിലനിലവാരം പിടിച്ചുനിർത്താൻ ഫലപ്രദമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്. അതിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ജനങ്ങൾക്ക് ഇത് വലിയ ആശ്വാസമായിരുന്നു. അത് തുടരുന്നതിനുവേണ്ടി വെളിച്ചെണ്ണയുൾപ്പെടെ

സപ്ലൈകോവഴി നൽകുന്ന സബ്സിഡി സാധനങ്ങളുടെ വില ഇനിയും കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഇക്കഴിഞ്ഞ നാളുകളിൽ വളരെ വലിയ വിലവർധനവാണ് വെളിച്ചെണ്ണയിൽ ഉണ്ടായത്. വെളിച്ചെണ്ണയുടെ വിലവർധനവ് കണ്ടുകൊണ്ടുതന്നെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെയും ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയെയും പങ്കെടുപ്പിച്ച് പ്രത്യേക യോഗം ചേരുകയും അവരുമായി ആലോചിച്ചതനുസരിച്ച് വിവിധ മൊത്തവിൽപനക്കാരുടെ യോഗം ചേർന്ന് വലിയ ഇടപെടലുകൾ നടത്തുകയും അതിന്റെ ഫലമായി കുറച്ച് വിലകുറച്ച് ആശ്വാസം പകരാൻ കഴിയുന്ന സാഹചര്യമുണ്ടായി. മാത്രമല്ല, സപ്ലൈകോയിലൂടെ ശബരി വെളിച്ചെണ്ണ വളരെ വിലകുറച്ച് നൽകാൻ തീരുമാനിച്ചതോടുകൂടി പൊതുവിൽ മാർക്കറ്റിൽ വില കുറയുന്ന ഒരു സാഹചര്യമുണ്ടായി. അങ്ങനെ 339/- രൂപയ്ക്ക് ഒരു ലിറ്റർ ശബരി വെളിച്ചെണ്ണ സപ്ലൈകോയിലൂടെ കൊടുക്കുകയാണ്. അതിന്റെ വില അടുത്ത 22-ാം തീയതി തിങ്കളാഴ്ച മുതൽ 319/-രൂപയ്ക്ക് നൽകാനുള്ള നിർദേശം നൽകി. അതുപോലെ 389/- രൂപയ്ക്ക് നോൺ സബ്സിഡിയായി നൽകുന്ന ശബരി വെളിച്ചെണ്ണ 359/- രൂപയ്ക്ക്

നൽകാനുള്ള നടപടി സ്വീകരിക്കും. അതുപോലെ 429/- രൂപയ്ക്ക് ഹോൾസെയിൽ വിലയിൽ ലഭിക്കുന്ന കേര ഫെഡ് വെളിച്ചെണ്ണ അവരുമായി സംസാരിച്ചുണ്ടാക്കിയ ധാരണയനുസരിച്ച് 419/-രൂപയ്ക്ക് ഹോൾസെയിൽ വില റീട്ടെയിൽ വിലയായിത്തന്നെ നൽകുന്ന നിലപാടാണ് സ്വീകരിക്കുന്നത്. 93/- രൂപയുടെ തുവരപ്പരിപ്പ് 88/- രൂപയ്ക്ക് നൽകാനും 90/- രൂപയുടെ ചെറുപയർ 85/- രൂപയ്ക്ക് നൽകാനും അതുപോലെ ഇത്തരം ഉൽപന്നങ്ങളുടെ വില 22-ാം തീയതിമുതൽ കുറച്ചു നൽകുകയും ചെയ്യും. അടുത്ത മാസം വീണ്ടും വില കുറയ്ക്കുന്നതിന് അവരുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

## ശസ്ത്രക്രിയയ്ക്കിടെ ഗൈഡ്‌വയർ കുടുങ്ങിയ സംഭവം

5(*5) ശ്രീമതി ഉമ തോമസ് ചുമതലപ്പെടുത്തിയ പ്രകാരം
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോയ്ഡ് ഗ്രന്ഥി നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയയ്ക്കിടെ യുവതിയുടെ നെഞ്ചിൽ ഗൈഡ്‌വയർ

കുടുങ്ങിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (എ) ഉണ്ട്.

(ബി) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീമതി സുമയ്യക്ക് ഗോയിറ്റർ എന്ന രോഗം കണ്ടെത്തിയതിനെത്തുടർന്ന് 20-03-2023-ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോഡാക്ടമി എന്ന ശസ്ത്രക്രിയക്ക് വിധേയയായിരുന്നു. യുവതിക്ക് ആവശ്യമായ തുടർചികിത്സയും പരിചരണവും നൽകി 30-03-2023-ന് ഡിസ്ചാർജ് ചെയ്തിരുന്നു. ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്ത ഭാഗം ജനറൽ ആശുപത്രിയിൽനിന്നും തിരുവനന്തപുരം പബ്ലിക് ഹെൽത്ത്

ലബോറട്ടറിയിൽ അയച്ച് പരിശോധന നടത്തിയപ്പോൾ തൈറോയ്ഡ് ക്യാൻസർ സ്ഥിരീകരിച്ചു. തുടർന്ന് യുവതി തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ തേടി. കഴിഞ്ഞ 2 വർഷമായി യുവതി ആർ.സി.സി.-യിലും തിരുവനന്തപുരം ജനറൽ ആശുപത്രിയിലും തുടർ ചികിത്സ (Follow -up care) യിലാണ്.

ആർ.സി.സി.-യിലെ ചികിത്സയുടെ ഭാഗമായി 2025 മാർച്ച് മാസം നടത്തിയ എക്സ്-റേ പരിശോധനയിൽ രക്തക്കുഴൽവഴി മരുന്നുകൾ നൽകാൻ ഉപയോഗിക്കുന്ന സെൻട്രൽ ലൈനിന്റെ ഭാഗമായുള്ള ഗൈഡ് വയർ ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് ജനറൽ ആശുപത്രി സൂപ്രണ്ട് 2025 ഏപ്രിൽ മാസം ആയത് സംബന്ധിച്ച് തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ അഭിപ്രായം തേടിയിരുന്നു. ഇതുകൊണ്ട് മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകില്ലെന്ന റിപ്പോർട്ടാണ് ലഭിച്ചത്. എങ്കിലും സൂപ്രണ്ട് ഈ വിഷയം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി. ശ്രീമതി സുമയ്യയുടെ ശരീരത്തിൽ ഗൈഡ് വയർ കണ്ടെത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ

നേതൃത്വത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവിടങ്ങളിലെ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി, റേഡിയോ ഡയഗ്നോസിസ്, അനസ്തീഷ്യോളജി, ജനറൽ സർജറി വിഭാഗം എന്നിവരടങ്ങിയ വിദഗ്ധ സമിതിയെ 2025 ഓഗസ്റ്റ് മാസം ചുമതലപ്പെടുത്തിയിരുന്നു. വിദഗ്ധ സമിതി 14-08-2025-ന് ആദ്യയോഗം ചേർന്ന് മെഡിക്കൽ രേഖകൾ പരിശോധിച്ചുവെങ്കിലും പൂർണമായ നിഗമനത്തിലെത്താൻ സാധിക്കാത്തതിനാൽ ആർ.സി.സി., മറ്റ് ആശുപത്രികൾ എന്നിവിടങ്ങളിൽ നൽകിയ ചികിത്സ, പരിശോധന എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ രേഖകൾകൂടി പരിശോധിക്കാൻ തീരുമാനിച്ചിരുന്നു. കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി, ക്രിട്ടിക്കൽ അനസ്തേഷ്യ, അനസ്തേഷ്യ, ജനറൽ സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരെക്കൂടി സമിതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ശ്രീമതി സുമയ്യയുടെ പരാതി ലഭിച്ചതിനെത്തുടർന്ന് 03-09-2025-ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ ചേംബറിൽ വിദഗ്ധ സമിതി ചേർന്നിരുന്നു. അന്നേദിവസം എല്ലാ ചികിത്സാരേഖകളും സഹിതം ശ്രീമതി സുമയ്യയോടും തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ശ്രീമതി സുമയ്യയുടെ

ശസ്ത്രക്രിയ നടത്തിയതുമായി ബന്ധപ്പെട്ട എല്ലാ ജീവനക്കാരോടും സമിതിക്ക് മുമ്പാകെ ഹാജരാകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം ശ്രീമതി സുമയ്യ വിദഗ്ധ സമിതി മുമ്പാകെ ഹാജരാകുകയും ടിയാളുടെ പക്കൽ ലഭ്യമായ രേഖകൾ സമിതി പരിശോധിക്കുകയും ശ്രീമതി സുമയ്യയുടെ മൊഴി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ശ്രീമതി സുമയ്യയുടെ ശസ്ത്രക്രിയ നടത്തിയതുമായി ബന്ധപ്പെട്ട ജീവനക്കാരും സമിതി മുമ്പാകെ ഹാജരായി മൊഴി നൽകിയിരുന്നു.

വിദഗ്ധ സമിതിയുടെ തീരുമാനപ്രകാരം നിലവിലെ സമിതിയിലെ അംഗങ്ങൾക്കുപുറമെ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ ഇന്റർവെൻഷണൽ റേഡിയോളജി, കാർഡിയോളജി, കാർഡിയോതൊറാസിക് സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ അഭിപ്രായം തേടുന്നതിനായി പ്രസ്തുത സ്ഥാപനത്തിലെ ഡോക്ടർമാരെ സമിതിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. കൂടാതെ, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഇന്റർവെൻഷണൽ റേഡിയോളജി ഡിപ്പാർട്ട്മെന്റിലെ ഡോക്ടറെ കൂടി സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പൊതുജനങ്ങളിൽനിന്നും ഇത്തരം സംഭവങ്ങളെ സംബന്ധിച്ച് പരാതി ലഭിച്ചാൽ എത്രയുംവേഗംതന്നെ അന്വേഷണ നടപടി സ്വീകരിച്ചുവരുന്നു. വീഴ്ചയുള്ള കേസുകളിൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ചികിത്സാ പിഴവുകൾ ഉണ്ടാകുന്നത് അതീവ ഗൗരവമായി കണ്ട് സ്ഥാപനതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തീയറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോകോൾ കർശനമായി പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ആയതിലേക്കായി Surgical Error തടയുന്നതിനുള്ള മാർഗരേഖ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ തീയറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിങ്ങും ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തീയറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാതു യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറെയും തീയേറ്ററിന്റെ ചുമതലയുള്ള സീനിയർ നഴ്സിങ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നഴ്സിങ് ഓഫീസറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ആശയ വിനിമയത്തിൽ ഇവർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ആശയവിനിമയം

നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തീയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)